# താമരമൊട്ടുകൾ

വാല്യം 22 | ഡിസംബർ 2020 | ലക്കം 12 | Price ₹25



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 02-12-2020 |




Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

വാല്യം 22 താമരമൊട്ടുകൾ ഡിസംബർ 2020 ലക്കം 12

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും".

(അപ്പ. 16:31)

# ഇതളുകൾ വിരിയുമ്പോൾ



| | | |
|---|---|---|
| 1. | ആശംസകൾ | 587 |
| 2. | പ്രോഗ്രാം ഡിസംബർ 2020 | 590 |
| 3. | സർക്കുലർ 8/2020 | 591 |
| 4. | സർക്കുലർ 9/2020 | 596 |
| 5. | സർക്കുലർ | 599 |
| 6. | കച്ചേരിക്കാര്യം | 603 |
| 7. | ചെറുപുഷ്പ മിഷൻലീഗ് | 608 |
| 8. | തിരുബാലസഖ്യം | 610 |
| 9. | കെ.സി.വൈ.എം | 611 |
| 10. | ലിറ്റർജി കമ്മീഷൻ | 616 |
| 11. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 617 |
| 12. | മാതൃവേദി | 619 |
| 13. | കുടുംബകൂട്ടായ്മ | 622 |
| 14. | നവസന്ന്യാസിനികൾക്ക് സ്വാഗതം | 624 |
| 15. | കരിസ്മാറ്റിക് മൂവ്മെന്റ് | 625 |
| 16. | ഫ്രാൻസിസ്ക്കൻ അൽമായ സഭ | 626 |
| 17. | അൽഫോൻസ കോളേജ് | 628 |
| 18. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 630 |
| 19. | സ്റ്റാർട്ട് | 631 |
| 20. | വികസനവേദി | 633 |
| 21. | അജപാലനക്കുറിപ്പുകൾ | 635 |

# സുവർണ്ണ ജൂബിലി നിറവിൽ



ഫാ. മാത്യു
മറ്റക്കോട്ടിൽ
19-12-1970

50
ANNIVERSARY



ഫാ. ജോർജ്ജ്
പരുത്തപ്പാറ
19-12-1970

നാമഹേതുക തിരുനാൾ

## ആശംസകൾ

**മോൺ. ജോൺ ഒറവുങ്കര**
**ഡിസംബർ 27**



# രജത ജൂബിലി നിറവിൽ



ഫാ. ജോൺ വള്ളിയാംതടത്തിൽ
23-12-1995



ഫാ. അഗസ്റ്റിൻ പാറ്റാനിയിൽ
25-04-1996



ഫാ. തോമസ് ചക്കിട്ടാമുറിയിൽ
30-12-1995






ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ
30-12-1995



ഫാ. സിബി കുര്യൻ പുളിക്കൽ
01-01-1996

# Birth Day Greetings

Rev. Fathers

| | | | |
|---|---|---|---|
| | Mukaleparambil Joseph | December | 1 |
| | Kiliyananickal James | | 1 |
| | Kochukaipayil Thomas | | 1 |
| | Karakatt Sebastian | | 2 |
| | Vallopilly Abraham | | 3 |
| | Palakeel Kuriakose | | 8 |
| | Chennamkulath Benedict | | 10 |
| | Ponganpara Cheriyan | | 11 |
| | Pennaparambil Jose | | 12 |
| His Grace | Mar Jacob Thoomkuzhy | | 13 |
| | Kalapurackal George | | 15 |
| | Vellackakudiyil George | | 18 |
| | Varikkassery George | | 21 |
| | Thannickal Kurian | | 23 |
| | Palathumthalakal Augustine | | 25 |
| | Kottackal Mathew | | 26 |
| | Nagaparambil Thomas | | 28 |
| | Pulinchuvattil Abraham | | 28 |
| | Thekkekaramattathil George | | 28 |
| | Kizhukkarakattu Danties | | 29 |
| | Chirathalackal Joseph | | 31 |

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Kalariparambil John | December | 27 |
| Msgr. Oravumkara John | | 27 |
| Moolayil John | | 27 |
| Pazhukunnel Johnson | | 27 |
| Pallickavayalil John | | 27 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ഡിസംബർ 2020

| | | |
|---|---|---|
| 01 | ചൊവ്വ | ഇരുപത്തഞ്ച് നോമ്പാരംഭം |
| 03 | വ്യാഴം | **വി. ഫ്രാൻസീസ് സേവ്യർ** |
| 08 | ചൊവ്വ | **പരി. കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുന്നാൾ** |
| 14 | തിങ്കൾ | കുരിശിന്റെ വി. യോഹന്നാൻ |
| 18 | വെള്ളി | മൈലാപ്പൂരിലെ അത്ഭുത സ്ലീവാ |
| 24 | വ്യാഴം | ചരമദിനം: ഫാ. ജോർജ്ജ് തടത്തിൽ (1998) |
| 25 | വെള്ളി | **ക്രിസ്തുമസ്സ്** |
| 26 | ശനി | വി. എസ്തപ്പാനോസ്, വി. യോഹന്നാൻ ശ്ലീഹാ, പൗരോഹിത്യ സ്വീകരണദിനം – മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, താമരശ്ശേരി രൂപതയിലെ 6 ഡീക്കന്മാരുടെ പൗരോഹിത്യ സ്വീകരണം, താമരശ്ശേരി കത്തീഡ്രൽ ദൈവാവയത്തിൽ വച്ച്. |
| 27 | ഞായർ | തിരുക്കുടുംബ തിരുനാൾ, കുടുംബനവീകരണ വർഷം സമാപനം; ഇടവകകളിലും കുടുംബങ്ങളിലും. |
| 28 | തിങ്കൾ | കുഞ്ഞിപ്പൈതങ്ങൾ |
| 29 | ചൊവ്വ | ചരമദിനം: ഫാ. ജോസഫ് കാളക്കുഴി (2018) |
| 31 | വ്യാഴം | വർഷാവസാനം |



*സർക്കുലർ 8/2020*

# ആഗമനകാലം - ക്രിസ്തുമസ്സ്

മിശിഹായിൽ സ്നേഹമുള്ളവരേ,

സമാഗതമാകുന്ന ആഗമനകാലത്തിന്റെയും ക്രിസ്തുമസ്സിന്റെയും വിശുദ്ധമായ ഓർമ്മ വീണ്ടും എത്തുകയാണല്ലോ. ഒരുക്കത്തിന്റെ നാളുകളിലൂടെ കടന്ന് ക്രിസ്തുമസ്സ് ഒരു ദിവ്യാനുഭവമാക്കി മാറ്റുവാൻ ഓരോ വിശ്വാസിയും പരിശ്രമിക്കുന്ന കാലം. കഴിഞ്ഞ ക്രിസ്തുമസ്സിനുശേഷം "കർത്താവായ യേശുവിൽ വിശ്വസിക്കുക, നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" എന്ന തിരുവചനം ധ്യാനിച്ചുകൊണ്ട് ആരംഭിച്ച കുടുംബ നവീകരണ വർഷം നിർഭാഗ്യവശാൽ കോവിഡ് നിയന്ത്രണം മൂലം വേണ്ട വിധത്തിൽ നടപ്പിലാക്കുവാൻ സാധിച്ചില്ലെങ്കിലും കുടുംബ നവീകരണ ത്തിനും വിശുദ്ധീകരണത്തിനും വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചൊരു ങ്ങുവാൻ ദൈവം നമ്മെ സഹായിച്ചു.

ഒരു കുടുംബപശ്ചാത്തലത്തിൽ ദൈവം മനുഷ്യാവതാരം ചെയ്തു വെന്നത് നമ്മെ ഓരോരുത്തരേയും ആനന്ദിപ്പിക്കുന്നുണ്ട്. "ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടു കൂടിയായിരുന്നു; വചനം ദൈവമായിരുന്നു... വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" (യോഹ. 1: 1-4). ആദിയിൽ ദൈവത്തോടു കൂടിയായിരുന്ന വചനം, -പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി അരുളിച്ചെയ്യപ്പെട്ട വചനം- കാലസമ്പൂർണ്ണതയിൽ മനുഷ്യനായി എന്നത് നമ്മുടെ വിശ്വാസത്തിന്റെ കാതലാണ്. "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിക്കാതെ തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു" (ഫിലി. 2: 6-7) എന്ന് വി. പൗലോസ് ശ്ലീഹാ മനുഷ്യാവതാരത്തെക്കുറിച്ച് വിവരിക്കുമ്പോൾ ആദിമ ക്രൈസ്തവസമൂഹത്തിന് ക്രിസ്തുസംഭവം എത്രമാത്രം ആഴപ്പെട്ട വിശ്വാസബോധ്യമായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ അനുസ്മരിക്കുന്നതുപോലെ "ക്രിസ്തുസംഭവം എന്നത് പാപത്താൽ മുറിവേറ്റ് സന്തോഷവും ജീവനും നഷ്ടപ്പെട്ട മനുഷ്യവംശത്തിന് ദൈവത്തിന്റെ കാരുണ്യത്തിന്റെയും രക്ഷിക്കുന്ന സ്നേഹത്തിന്റെയും അനുഭവം നല്കുന്നു" (ജനറൽ ഓഡിയൻസ് ഡിസം. 17, 2008). ആഗമനകാലം ദൈവത്തിന്റെ സ്വഭാവം മുഴുവൻ ധ്യാനിക്കുവാൻ

തിരുസ്സഭ നമ്മെ ക്ഷണിക്കുന്ന കാലമാണ്. ദൈവത്തിന്റെ എളിമ, സ്നേഹം, കാരുണ്യം, സന്തോഷം, സമാധാനം എന്നീ ദൈവീകഭാവങ്ങളിലേക്കാണ് ക്രിസ്തുമസ്സ് നമ്മെ ക്ഷണിക്കുന്നത്.

ക്രിസ്തുമസ്സ് ആഘോഷങ്ങൾ കൂടുതൽ അനുഭവമാക്കുവാൻ നമ്മുടെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യങ്ങൾ നമ്മെ അനുവദിക്കുന്നില്ല എന്നത് വേദനാജനകമാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നമ്മുടെ വിശ്വാസത്തെ ആഴപ്പെടുത്തുന്ന നിരവധി തിരുക്കർമ്മങ്ങളും ആചരണങ്ങളും വേണ്ടത്ര തീഷ്ണതയോടെ ഈ വർഷം നിർവ്വഹിക്കാൻ കഴിഞ്ഞില്ല എന്നതും സത്യമാണ്. എങ്കിലും ഭവനങ്ങളെ ദൈവാലയമാക്കി പ്രാർത്ഥനയിലൂടെയും കൂട്ടായ്മയിലൂടെയും വി. ബലിയർപ്പണത്തിലൂടെയും ക്രൈസ്തവോചിതമായി ജീവിക്കുവാൻ ഭൂരിഭാഗം കുടുംബങ്ങൾക്കും കഴിഞ്ഞിട്ടുണ്ട് എന്നത് ഞാൻ കൃതജ്ഞതയോടെ ഓർക്കുന്നു. അതോടൊപ്പംതന്നെ ദൈവജനത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ജാഗ്രതയോടെ അജപാലന ശുശ്രൂഷ നിർവ്വഹിക്കുന്ന വൈദികരെയും സന്യസ്തരെയും വലിയ സ്നേഹത്തോടെ അനുസ്മരിക്കുന്നു. അതുകൊണ്ട് കോവിഡിന്റെ ഈ സാഹചര്യത്തിലും വളരെ തീഷ്ണതയോടുകൂടി ക്രിസ്തുമസ്സിന് ഒരുങ്ങുവാൻ നിങ്ങളേവരേയും ഞാൻ ആഹ്വാനം ചെയ്യുന്നു. ഉണ്ണിമിശിഹായെ ഹൃദയത്തിലും പിന്നീട് ഉദരത്തിലും സ്വീകരിച്ച മറിയവും, ദൈവഹിതത്തിന് പൂർണ്ണമായി വിധേയപ്പെട്ടു ദൈവവുമായി ആലോചന ചോദിച്ച വി. യൗസേപ്പും നമുക്ക് നല്കുന്ന മാതൃക ഏറ്റവും അനുകരണീയമായിട്ടുള്ളതാണ്.

“ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ” എന്ന പരി. അമ്മയുടെ ഏറ്റുപറച്ചിൽ വാസ്തവത്തിൽ ഒരു ഉപേക്ഷയുടെ വിളംബരമായിരുന്നല്ലോ. ജീവിതത്തിന്റെ മോഹങ്ങളും സ്വപ്നങ്ങളും എല്ലാം ക്രിസ്തു ഉരുവാക്കപ്പെടുന്നതിനുവേണ്ടി ഉപേക്ഷിച്ചു എന്നതാണ് ഈ സമർപ്പണത്തിന്റെ പ്രത്യേകത. അതോടൊപ്പം ദൈവത്തിന്റെ മാത്രം ദാസിയായിരുക്കുവാനുള്ള വിളിയാണ് തന്റേതെന്നും പരിശുദ്ധ മറിയം ഏറ്റു പറയുന്നുണ്ട്. ലോകത്തിന്റേയോ, മനുഷ്യരുടെയോ, സ്വന്തം താൽപ്പര്യങ്ങളുടെയോ ഒന്നും ദാസ്യം തനിക്കു വേണ്ട എന്നുള്ള ഏറ്റുപറച്ചിലാണ് പരിശുദ്ധ അമ്മയിൽ നാം കാണുക. കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് ഉറച്ചു വിശ്വസിച്ചവളുടെ ആത്മാർത്ഥമായ സമർപ്പണമാണ് അവളിൽ നിറഞ്ഞു നിന്നിരുന്നത്. വി. ഇരണേവൂസ് പറയുന്നതുപോലെ: “സ്വന്തം അനുസരണം മൂലം പരിശുദ്ധ കന്യകാമറിയം തനിക്കും മനുഷ്യവംശം മുഴുവനും രക്ഷാഹേതുവായിത്തീർന്നു’’. ‘‘ക്രിസ്തുവിന്റെ ശരീരം ഉദരത്തിൽ വഹിച്ചു

എന്നതിനെക്കാൾ ക്രിസ്തുവിലുള്ള വിശ്വാസം ഉൾക്കൊണ്ടു എന്നതാണ് മറിയത്തെ കൂടുതൽ ധന്യയാക്കുന്നത്" എന്ന വി. അഗസ്റ്റിന്റെ വാക്കുകൾ എത്രയോ ആഴപ്പെട്ടതാണ്.

പരി. അമ്മയുടെ സമർപ്പണം പോലെ തന്നെ നമ്മെ പ്രചോദിപ്പിക്കുന്നതാണ് വി. യൗസേപ്പിതാവിന്റെ ത്യാഗപൂർണ്ണമായ ജീവിതവും. ഒരു കുടുംബത്തിലെ ക്രിസ്തുസാന്നിധ്യത്തെ ഒരിക്കലും നഷ്ടപ്പെട്ടുപോകുവാൻ അനുവദിക്കാതെ, ദൈവവുമായി ആലോചന ചോദിച്ചു തീരുമാനമെടുത്തു എന്നതാണ് ആ പിതാവിനെ വ്യത്യസ്തനാക്കുന്നത്. എടുക്കുന്ന തീരുമാനം തനിക്കും, തന്റെ ജീവിത പങ്കാളിക്കും അപമാനത്തിന് കാരണമാകാം എന്നറിഞ്ഞിട്ടും ദൈവവചനത്തിലും ദൈവത്തിന്റെ വാഗ്ദാനത്തിലും വിശ്വസിച്ച് വിശ്വസ്തതയോടെ ഉണ്ണിയേശുവിനെയും മാതാവിനെയും സംരക്ഷിച്ച വി. യൗസേപ്പിതാവിന്റെ മഹനീയ മാതൃക നമ്മുടെ ഹൃദയങ്ങളെ തീഷ്ണതയാൽ ജ്വലിപ്പിക്കും എന്നതിൽ സംശയമില്ല. ദൈവഹിതം നിറവേറ്റുമ്പോൾ ഏറ്റെടുക്കേണ്ടിവരുന്ന സകല ത്യാഗങ്ങളെയും സന്തോഷത്തോടെ സ്വീകരിക്കുന്ന വി. യൗസേപ്പിതാവ്, ക്രിസ്തു ചൈതന്യം നമ്മിലും നമ്മുടെ കുടുംബങ്ങളിലും നിറയുവാൻ പ്രേരണയും പ്രചോദനവുമാകുന്നുണ്ട്.

ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്ന ഒരു ദൈവപുത്രൻ നമ്മുടെ കുഞ്ഞുങ്ങൾക്ക് നല്കുന്ന സന്ദേശമെന്താണ്. ദൈവത്തിന്റെ സ്ഥാനവും മഹിമയും ഉണ്ടായിരുന്നിട്ടും അതൊന്നും കണക്കിലെടുക്കാതെ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ഈശോ ഏതു കാലഘട്ടത്തിലെ തലമുറയ്ക്കും ഒരു മാതൃകയാണ്. ജന്മം നല്കിയ മാതാപിതാക്കളെ ഒരിക്കലും തള്ളിപ്പറയാതെ, അഹങ്കാരത്തിന്റെയും ധാർഷ്ഠ്യത്തിന്റെയും ഭാവങ്ങൾ പ്രകടിപ്പിക്കാതെ, സ്വയം എളിമപ്പെടുക, അനുസരണമുള്ളവരായി മാതാപിതാക്കൾക്ക് താങ്ങും തണലുമാകുക, സഭയ്ക്കും സമുദായത്തിനും പൊതുസമൂഹത്തിനും ഉപകാരമാവുക എന്നാണ് പുൽക്കൂട്ടിൽ പിറന്ന ഉണ്ണിമിശിഹാ പഠിപ്പിക്കുന്നത്.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഈ ക്രിസ്തുമസ്സ് ആഘോഷിക്കുമ്പോൾ മരണത്തിന്റെ നിഴലിലാണ് ഇന്ന് ലോകം മുഴുവൻ. സാമൂഹിക അകലവും ശുചിത്വവും പാലിക്കുമ്പോഴും പടരുന്ന മഹാമാരി നമ്മെ ഒട്ടൊന്നുമല്ല ആശങ്കപ്പെടുത്തുന്നത്. ലോകം മുഴുവൻ ഇന്ന് ഒറ്റപ്പെട്ടതുപോലെയായി. നമ്മുടെ അയൽപക്കബന്ധങ്ങൾപോലും നഷ്ടമായി. കോവിഡ് ബാധിക്കുന്നവരെ സ്നേഹപൂർവ്വം പരിചരിക്കുവാൻപോലും നമുക്ക് കഴിയുന്നില്ല. അവരെ ശുശ്രൂഷിക്കുന്ന ആരോഗ്യ പ്രവർത്തകർ എത്രയോ ആകുലതയോടെയാണ് അവരുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നത്. കോവിഡ് ബാധിച്ച് മരണപ്പെട്ടു കഴിഞ്ഞാൽ അന്ത്യചുംബനംപോലും നല്കാൻ കഴിയാതെ യാത്രയാക്കേണ്ടി വരുന്ന

അവസ്ഥ എത്രയോ വേദനാജനകമാണ്. ഈ വേദനയുടെയും ഭയത്തിന്റെയും അരക്ഷിതാവസ്ഥയുടെയും നടുവിൽ വലിയ പ്രത്യാശയും അതിലേറെ സന്തോഷവും ആശ്വാസവുമാണ് ക്രിസ്തുമസ്സ് നമുക്ക് നല്കുന്നത്. “അന്ധകാരത്തിൽ സ്ഥിതി ചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു; മരണത്തിന്റെ മേഖലയിലും, നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു” (മത്തായി 6:16) എന്ന വചനത്തിൽ നമുക്ക് വിശ്വസിക്കാം. പ്രതിസന്ധികളെ മുന്നിൽക്കണ്ട പരിശുദ്ധ അമ്മയെ “ദൈവത്തിനൊന്നും അസാധ്യമല്ല” (ലൂക്ക 1: 37) എന്നു പറഞ്ഞുകൊണ്ട് ധൈര്യപ്പെടുത്തിയ വചനം നമ്മെയും ആശ്വസിപ്പിക്കട്ടെ. മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കും വേണ്ടി മന്നിലവതരിച്ച ഈശോ നമ്മെയും നമ്മുടെ പ്രിയപ്പെട്ടവരെയും ലോകം മുഴുവനെയും അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനയോടും ത്യാഗമനോഭവത്തോടും കൂടെ നമുക്ക് ക്രിസ്തുമസ്സിനായി ഒരുങ്ങാം. സാധാരണപോലെ നോമ്പെടുത്തും, സർക്കാർ നിയന്ത്രണങ്ങൾക്ക് വിധേയമായി വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്തും അതിനായി സാധിക്കാത്ത അവസരങ്ങളിൽ ഓൺലൈൻ വി. കുർബ്ബാനയിൽ പങ്കുചേർന്നും നമുക്ക് ഈ ആഗമനകാലം മനോഹരമാക്കാം. നക്ഷത്രവിളക്കുകൾ തൂക്കിയും പുൽക്കൂടുകൾ ഒരുക്കിയും ഭവനങ്ങൾ അലങ്കരിച്ചും ബാഹ്യമായും നമുക്ക് ഒരുങ്ങാം. എല്ലാ ദിവസവും വി. ബലിയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് (ദൈവാലയം/ഓൺലൈൻ) മാതാപിതാക്കൾ സമ്മാനങ്ങൾ നല്കണം. മിഷൻലീഗിന്റെയും വിശ്വാസ പരിശീലന കേന്ദ്രത്തിന്റെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന ക്രിസ്തുമസ് ഒരുക്ക പരിപാടികളിൽ എല്ലാ കുട്ടികളും സജീവമായി പങ്കെടുക്കുന്നുണ്ടെന്ന് മാതാപിതാക്കൾ ഉറപ്പു വരുത്തണം. കുടുംബ വർഷത്തിൽ ഇടവകകളിൽ ഒരു കുടുംബ നവീകരണ ധ്യാനം ക്രമീകരിച്ചിരുന്നു. എന്നാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ നമുക്കത് നടത്തുവാൻ കഴിഞ്ഞില്ല. അതിനാൽ ഈ ആഗമനകാലത്ത് രൂപതാ കുടുംബ പ്രേഷിത വിഭാഗത്തിന്റെ നേതൃത്വത്തിൽ ഫൊറോന തലത്തിൽ ഒരു ഓൺലൈൻ ആത്മ നവീകരണ സെമിനാർ ക്രമീകരിച്ചിട്ടുണ്ട്. സാധിക്കുന്നവരെല്ലാം സകുടുംബം ഇതിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുന്നു.


2019 ഡിസംബർ 29 ന് ആരംഭിച്ച കുടുംബനവീകരണ വർഷം ഈ വർഷം ഡിസംബർ 27 ന് തിരുക്കുടുംബത്തിരുന്നാൾ ദിവസം സമാപിക്കുകയാണ്. വീടുകളിൽ കുടുംബപ്രതിഷ്ഠ നടത്തിയും, ഇടവകകളിൽ പ്രത്യേക പ്രാർത്ഥന നടത്തിയും കുടുംബവർഷാചരണം നമുക്ക് സമാപിപ്പിക്കാം. എന്നിരുന്നാലും കുടുംബനവീകരണം എന്നത് ഒരു തുടർച്ചയായി കൊണ്ടുപോകുവാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഫ്രാൻസിസ് മാർപ്പാപ്പ സൂചിപ്പിക്കുന്നതുപോലെ ‘‘പ്രാർത്ഥനയിൽ ആഴപ്പെട്ട് വിശ്വാസത്തിൽ ജീവിച്ച് സന്തോഷത്തോടെ ക്രിസ്തുവിന്റെ

സാക്ഷികളാകുവാനാണ് ഓരോ കുടുംബവും വിളിക്കപ്പെട്ടിരിക്കുന്നത്" (വചനസന്ദേശം, ഒക്ടോബർ 27, 2013). ഈ വലിയ ദൗത്യം ഏറ്റെടുക്കുവാൻ ഓരോ കുടുംബവും എന്നും തയ്യാറകണം എന്ന് കുടുംബനവീകരണവർഷം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ ആഗമനകാലത്തിൽ മറ്റൊരു കാര്യം കൂടി അഭ്യർത്ഥിക്കുവാൻ ഞാനാഗ്രഹിക്കുന്നു. താമരശ്ശേരി രൂപതയ്ക്കുവേണ്ടി ഈ വർഷം 6 ഡീക്കന്മാർ ഡിസംബർ 26ന് താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ വെച്ച് പൗരോഹിത്യം സ്വീകരിക്കുകയാണ്. ഒരു ഡീക്കൻ സ്പെയിനിലും 110 ഓളം വൈദിക വിദ്യാർത്ഥികൾ വിവിധ സെമിനാരികളിലും പരിശീലനത്തിലാണ്. 23 വൈദികർ നമ്മുടെ വൈദിക മന്ദിരങ്ങളിൽ വിശ്രമജീവിതം നയിക്കുന്നു. ഈ വൈദികരുടെയും വൈദിക വിദ്യാർത്ഥികളുടെയും ദൈനംദിന ചിലവുകൾക്കുള്ള തുക നമ്മൾ സ്വീകരിക്കുന്നത് ക്രിസ്തുമസ്സിനോടനുബന്ധിച്ച് നടത്താറുള്ള കരോളിൽ നിന്നാണല്ലോ. ഇന്നത്തെ നമ്മുടെ സാഹചര്യങ്ങൾ അനുകൂലമല്ലെങ്കിലും, നിങ്ങളുടെ സന്മനസ്സിൽ നിന്നും ക്രിസ്തുമസ് സമ്മാനമായി ഒരു തുക വൈദികവിദ്യാർത്ഥികൾക്കും വൈദികർക്കും വേണ്ടി ഞാൻ ആവശ്യപ്പെടുകയാണ്. നമ്മുടെ വൈദികരുടെ സംരക്ഷണം നമ്മുടെയും കൂടി ഉത്തരവാദിത്വമാണെന്ന് ഓർക്കുമല്ലോ. നിങ്ങളുടെ അനുദിന പ്രാർത്ഥനകളിൽ ഇവരെയും ചേർക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

നമ്മുടെ കുടുംബങ്ങളിലും ഹൃദയങ്ങളിലും രക്ഷകനായ ഈശോയുടെ സാന്നിധ്യവും സമാധാനവും നിലനില്ക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പരിശുദ്ധ അമ്മയുടെയും വിശുദ്ധ യൗസേപ്പിതാവിന്റെയും, നമ്മുടെ രൂപതയുടെ മധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെയും മാധ്യസ്ഥ്യ സഹായം നമുക്ക് സംരക്ഷണമാകട്ടെ. ആഗതമാകുന്ന ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ ഏവർക്കും നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ നവംബർ 29-ാം തീയ്യതി ഞായറാഴ്ച, എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാന മധ്യേ വായിക്കുകയും ഇടവക ഗ്രൂപ്പുകളിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.*

*സർക്കുലർ 9/2020*

# EWS സംവരണം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ഇന്ത്യയിൽ കാലങ്ങളായി തുടരുന്ന സാമുദായിക സംവരണ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കാതിരുന്നവർക്ക് ആശ്വാസമായി മാറുകയാണ് സംവരണേതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണം. EWS സംവരണം എന്നാണ് ഇത് അറിയപ്പെടുന്നത് (Reservation for Economically Weaker Sections). ഇതിലൂടെ സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ജോലി മേഖലകളിലെയും പ്രവേശനത്തിന് 10% സംവരണം ലഭിക്കുന്നു. 2019 ജനുവരി 12-ാം തീയതി കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ വരുത്തിയ 103-ാം ഭരണഘടനാ ഭേദഗതിയാണ് ഇത്.

ഈ സംവരണത്തിലൂടെ ന്യൂനപക്ഷ പദവിയില്ലാത്തതും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് (SC/ST/OBC) സംവരണം അനുവദിച്ചു വരുന്നതുമായ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിനും, സർക്കാർ സർവ്വീസിലെയും, പൊതുമേഖലാ സ്ഥാപനങ്ങളിലെയും നിയമനത്തിനും അർഹരായവർക്ക് 10% സംവരണം ലഭിക്കുന്നു.

കേരളത്തിന്റെ പശ്ചാത്തലത്തിൽ നാളിതുവരെയും യാതൊരു സംവരണവും ലഭിക്കാതിരുന്ന സുറിയാനി ക്രിസ്ത്യാനികളിലെയും, ബ്രാഹ്മണ, നായർ അമ്പലവാസി വിഭാഗങ്ങളിൽ ഉൾപ്പെടെയുള്ളവരിലെയും, ജാതിമത രഹിതരിലെയും സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് ഈ സംവരണത്തിന് അർഹതയുണ്ട്.

സാമൂഹ്യനീതി രംഗത്ത് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വിപ്ലവകരമായ ഒരു ചുവടുവയ്പ്പായി ഈ സാമ്പത്തിക സംവരണത്തെ വിലയിരുത്താവുന്നതാണ്. കാരണം, ജാതീയമായ പിന്നാക്കാവസ്ഥയെക്കാൾ സാമ്പത്തകമായി പിന്നാക്കാവസ്ഥ ഇന്നിന്റെ ഒരു സാമൂഹ്യ വിഷയമായി മാറിയിരിക്കുന്നു. കേരളത്തിൽ ഇന്ന് സവർണ്ണരായ ദരിദ്രരും, അവർണ്ണരായ ധനികരും ഉണ്ട് എന്നത് നിഷേധിക്കാൻ കഴിയാത്ത യാഥാർത്ഥ്യമാണ്. ഈ സാഹചര്യത്തിൽ സമൂഹത്തിൽ " തുല്യ നീതി" ഉറപ്പാക്കാൻ ഈ സാമ്പത്തിക സംവരണം സഹായകരമായി തീരുന്നു. ഈ സംവരണത്തിലൂടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ഉയർന്ന വിദ്യാഭ്യാസവും മാന്യമായ ജോലിയും ലഭിക്കാനുള്ള സാധ്യത വർദ്ധിക്കുന്നു.

ക്രൈസ്തവരായ നമ്മെ സംബന്ധിച്ച് വളരെ ഉപകാരപ്രദമായ ഒരു സംവരണമാണ് EWS സംവരണം. കാരണം സീറോ മലബാർ വിശ്വാസികളായ നമുക്ക് നാളിതുവരെയും യാതൊരു വിധ സംവരണാനുകൂല്യങ്ങളും ഇല്ലായിരുന്നു. അതിനാൽത്തന്നെ നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും പി.എസ്.സി., യു.പി.എസ്.സി. തുടങ്ങിയ പരീക്ഷകളിൽ ഉയർന്ന റാങ്കിൽ വരിക എന്നത് നന്നേ പ്രയാസമുള്ള കാര്യമായിരുന്നു. എത്ര ശ്രമിച്ചാലും സർക്കാർ ജോലി ലഭിക്കാതിരുന്ന സാഹചര്യം സർക്കാർ ജോലി ലക്ഷ്യംവച്ച് പഠിക്കാനുള്ള നമ്മുടെ യുവാക്കളുടെ താൽപ്പര്യത്തെ നന്നേ കുറച്ചു. എന്നാൽ EWS സംവരണം ക്രിയാത്മകമായി വിനിയോഗിക്കുക വഴി സർക്കാർ ജോലി സ്വന്തമാക്കാനുള്ള സാദ്ധ്യത തെളിയുകയാണ്.

ഇന്ത്യൻ ജനസംഖ്യയുടെ വെറും 2.3 ശതമാനം മാത്രമാണ് ക്രൈസ്തവർ ഉള്ളത്. കേരളത്തിലെ ക്രൈസ്തവർ വെറും 18% മാത്രമാണ്. ജനസംഖ്യയുടെ കാര്യത്തിൽ ക്രൈസ്തവർ മൂന്നാം സ്ഥാനത്തേക്ക് താഴ്ത്തപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ സാമ്പത്തിക സംവരണത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയെങ്കിൽ മാത്രമെ സമൂഹത്തിൽ നമ്മുടേതായ സംഭാവനകൾ നല്കാൻ നമുക്ക് സാധിക്കൂ. മാത്രമല്ല രാഷ്ട്രീയ മേഖലകളിലുള്ള നമ്മുടെ അനൈക്യം രാഷ്ട്രീയമായി നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ നമ്മെ പിന്നോട്ട് നയിക്കുന്നു. അതിനാൽ സാമ്പത്തിക സംവരണം സുതാര്യമായി നടപ്പാക്കാൻ കക്ഷി രാഷ്ട്രീയ ഭേദമെന്യേ ക്രൈസ്തവരായ നാം മുന്നിട്ടിറങ്ങേണ്ടതുണ്ട്.

2019 ജനുവരി 19-ാം തിയ്യതി കേന്ദ്രസർക്കാർ പ്രാബല്യത്തിൽ വരുത്തിയ ഈ സംവരണം കേരളത്തിൽ പൂർണ്ണമായും നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന് ഇനിയും സാധിച്ചിട്ടില്ല. അതിന് പിന്നിൽ സ്ഥാപിത താത്പര്യക്കാരായ രാഷ്ട്രീയ-സാമുദായിക സംഘടനകളുടെ സ്വാധീനമുണ്ട് എന്നത് നിലവിലെ രാഷ്ട്രീയ സാഹചര്യം വിലയിരുത്തുന്നവർക്ക് ബോധ്യപ്പെടുന്ന കാര്യമാണ്.

സഭാ നേതൃത്വത്തിന്റെയും കത്തോലിക്കാ കോൺഗ്രസ് തുടങ്ങി സമുദായിക സംഘടനകളുടെയും ശക്തമായ ഇടപെടലുകളിലൂടെയാണ് പി.എസ്.സി., ബി.എസ്.സി. നേഴ്സിംഗ്, പാരാമെഡിക്കൽ പ്രവേശനം തുടങ്ങിയവയിൽ സംസ്ഥാന സർക്കാർ EWS സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്. ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ഹൈക്കോടതിയിൽ നല്കിയ ഹർജിയിന്മേലാണ് നേഴ്സിംഗ്, പാരാമെഡിക്കൽ പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തിയത്. K-TET പരീക്ഷയിൽ സംവരണം ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് താമരശ്ശേരി

രൂപതയുടെ നേതൃത്വത്തിൽ ഹൈക്കോടതിയിൽ നല്കിയ ഹർജി ഫലം കണ്ടു എന്നത് സന്തോഷത്തോടെ അറിയിക്കട്ടെ.

EWS സംവരണം ലഭിക്കുന്നതിനായി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. നിലവിൽ രണ്ട് തരത്തിലുള്ള EWS സർട്ടിഫിക്കറ്റുകളാണ് പ്രാബല്യത്തിലുള്ളത്. 1. കേന്ദ്രസർക്കാർ ആവശ്യങ്ങൾക്കായുള്ള EWS സർട്ടിഫിക്കറ്റ്. 2. കേരള സർക്കാർ ആവശ്യങ്ങൾക്കായുള്ള EWS സർട്ടിഫിക്കറ്റ്. ഇവയ്ക്ക് ബാധകമായ മാനദണ്ഡങ്ങളും സർട്ടിഫിക്കറ്റ് ഫോർമാറ്റും സർട്ടിഫിക്കറ്റ് നല്കാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥരും വ്യത്യസ്തരാണ്.

നിലവിൽ പലകാരണങ്ങൾ പറഞ്ഞ് ഉദ്യോഗസ്ഥർ സർട്ടിഫിക്കറ്റുകൾ നിഷേധിക്കുന്നതായി അറിയുന്നു, സംവരണത്തിന് അർഹരായവരെ സഹായിക്കുവാനായി താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ ഫൊറോന പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റ് നേടുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അവർ നിങ്ങളെ സഹായിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾ വികാരിയച്ചന്മാർ മുഖാന്തരം നിങ്ങളെ അറിയിക്കുന്നതാണ്.

EWS സംവരണം നമ്മുടെ സാമുദായികമായ ഐക്യത്തെ ശക്തിപ്പെടുത്തും എന്ന് തിരിച്ചറിയുക. ഒരുമിച്ച് നിന്ന് വളരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഈശോയുടെ മൗതിക ശരീരത്തിലെ അവയവങ്ങളാണ് നാം എന്ന തിരിച്ചറിവോടെ നന്മക്കായി നമുക്ക് ഒരുമിച്ച് കൈകോർക്കാം.

സ്നേഹപൂർവ്വം,

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ ഡിസംബർ 6 ഞായറാഴ്ച ദൈവാലയത്തിൽ വായിക്കുകയും ഇടവക ഗ്രൂപ്പുകളിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.*



Ref: 3390 /K-5/KCBC/OL/DS 29.11.2020

# കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡവലെപ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന

## കർഷക ബിൽ 2020 യെ സംബന്ധിച്ചുള്ള സർക്കുലർ

2020 സെപ്തംബർ 27-ന് ഇന്ത്യയുടെ രാഷ്ട്രപതി ബഹുമാനപ്പെട്ട റാം നാഥ് കോവിന്ദ് ഒപ്പുവച്ചതോടെ കാർഷിക, വ്യാപാര, ശാക്തീകരണ, അവശ്യസാധനബില്ലുകൾ നടപ്പിൽ വരുകയുണ്ടായി. ഇതിനെത്തുടർന്ന്, രാജ്യത്തെ കർഷകരുടെ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നാവശ്യപ്പെട്ട് കേരള കത്തോലിക്കാ മെത്രാൻസമിതി (കെസിബിസി) യുടെ ജസ്റ്റീസ്, പീസ് ആന്റ് ഡവലപ്പ്മെന്റ് കമ്മീഷൻ ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിക്ക് 2020 ഒക്ടോബർ രണ്ടാം തിയതി ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി.

കാർഷികോത്പന്ന വ്യാപാര വാണിജ്യ (പ്രൊമോഷൻ, ഫസിലിറ്റേഷൻ) ബില്ല് 2020, കർഷക (ശാക്തീകരണ, സംരക്ഷണ) കരാർ ബില്ല് 2020, അവശ്യസാധന (ഭേദഗതി) ബില്ല് 2020 എന്നിവയാണ് പുതുതായി പാസാക്കിയ മൂന്നു ബില്ലുകൾ. കോവിഡ് മഹാമാരി മനുഷ്യരാശിയെ ആപത്കരമായി പിടിമുറുക്കിയിരിക്കുന്ന പശ്ചാത്തലത്തിൽ, ചരിത്രത്തിലാദ്യമായി ഒരു ഞായറാഴ്ച രാജ്യസഭ പ്രധാനമായും സമ്മേളിച്ചത് ഈ മൂന്നു കാർഷിക ബില്ലുകൾ പാസ്സാക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു. ഈ മൂന്ന് ബില്ലുകളും പാർലിമെന്റിന്റെ പരിഗണനയ്ക്ക് വന്നപ്പോൾ രാജ്യമാസകലമുള്ള മാധ്യമങ്ങൾ ഇവ ചർച്ചയ്ക്കും പഠനത്തിനും വിഷയമാക്കുകയുണ്ടായി. കെസിബിസിയുടെ ജെ.പി.ഡി. കമ്മീഷൻ ഈ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ഓൺലൈൻ പഠനശിബിരവും സംഘടിപ്പിച്ചു. അത് ഉത്ഘാടനം ചെയ്ത വേളയിൽ കെസിബിസി അധ്യക്ഷൻ ചില നിർദേശങ്ങൾ വയ്ക്കുകയുണ്ടായി. അതായത്, ലോകമാസകലം ചർച്ചയ്ക്ക് വിഷയീഭവിപ്പിച്ച ഫ്രാൻസിസ് മാർപാപ്പയുടെ അതിമനോഹരമായ ചാക്രികലേഖനം 'ലൗദാത്തോസി'യുടെ അഞ്ചാം വർഷത്തിൽ കേരളസഭയ്ക്കും കാർഷികാഭിമുഖ്യത്തിൽ ഒരു പുതുദർശനം

അനിവാര്യമാണ്. കൃഷിയെ സഭയുടെ ഒരു പ്രേഷിതപ്രവർത്തനമേഖലയാക്കി ഉയർത്തണം. ലോകത്തിൽ എല്ലാ മേഖലകളിലും കോർപ്പറേറ്റ്വത്കരണം നടന്നുകഴിഞ്ഞ സാഹചര്യത്തിൽ കൃഷിയെയും ആധുനിക ധനതത്വശാസ്ത്ര ക്രമീകരണങ്ങൾക്ക് വിധേയമായി പരമ്പരാഗത തലത്തിൽനിന്ന് ഒരു വ്യാവസായിക തലത്തിലേക്ക് മാറ്റേണ്ടതുണ്ട്. കാർഷികപരിഷ് കരണത്തിനായി കേന്ദ്രസർക്കാർ കൊണ്ടുവന്നിരിക്കുന്ന പുതിയ നിയമങ്ങളുടെ പേരിൽ അന്നം നല്കുന്ന കർഷകരുടെ മാനുഷികമായ അവകാശങ്ങളും മൂല്യങ്ങളും നിഷേധിക്കപ്പെടാൻ ഇടയാകരുത് എന്നിവയായിരുന്നു അക്കാര്യങ്ങൾ.

**പ്രധാനമന്ത്രിക്കു സമർപ്പിച്ച മെമ്മോറാണ്ടത്തിലെ പ്രസക്തഭാഗങ്ങൾ താഴെ പറയുന്നവയാണ്:**

കാർഷികബില്ലുകളോടുള്ള കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ പ്രതികരണം ഇതാണ്: നമ്മുടെ രാജ്യത്തെ ജനങ്ങളെ തീറ്റിപ്പോറ്റുന്നതിനായി കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകജനതയുടെ ഉന്നമനത്തിനും കാർഷികമേഖലയുടെ ശാക്തീകരണത്തിനുമായി കൊണ്ടുവന്നിരിക്കുന്ന ഈ നിയമങ്ങളെ കെസിബിസി അംഗീകരിക്കുന്നു. എന്നാൽ ഇവയുടെ ലക്ഷ്യം കർഷക ഉന്നമനമെന്നതാണെങ്കിലും ഇവ നടപ്പിലാക്കുമ്പോൾ കർഷകജനതയെ പ്രതികൂലമായി ബാധിക്കാൻ ഇടയുള്ള സാഹചര്യങ്ങൾ നിലനില്ക്കുന്നുണ്ടെന്ന് കർഷകർ ഭയക്കുന്നു. വൻകിട കമ്പനികൾ കാർഷിക വ്യവസായ ത്തിൽ ഇടപെടുന്നതിലൂടെ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണമൊന്നുമില്ലാതെ ഒരു സ്വകാര്യ വിനിമയ കച്ചവടസംവിധാനം രൂപപ്പെടുന്നത് കർഷകരെ കൂടുതൽ ദുരിതത്തിലാക്കാൻ ഇടയുണ്ടെന്ന് അവർ മുന്നറിയിപ്പു നല്കുന്നു. ഭാരതത്തിലെ കർഷകരിൽ 86 ശതമാനവും ചെറുകിട, നാമമാത്ര കർഷകരും അസംഘടിതരുമാണ്. അവരുടെ ജീവനോപാധി തകർന്നടിയാതെ സംരക്ഷിക്കപ്പെടേണ്ട ചുമതല സർക്കാരിനുണ്ട്.

**കർഷകരുടെ ആശങ്കയകറ്റാൻ ശ്രദ്ധിക്കേണ്ടവ:**

അടിസ്ഥാന താങ്ങുവില ഇനിയും ഉറപ്പാക്കണം. അടിസ്ഥാന താങ്ങുവിലയിലും താഴ്ത്തി കർഷകരിൽനിന്നും ഉത്പന്നങ്ങൾ സംഭരിക്കുന്നത് ക്രിമിനൽ കുറ്റമായി പരിഗണിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്യണം. നിലവിലുള്ള കുടുംബക്കോട തികളുടെയും വാഹനാപകട പരിഹാര ട്രിബ്യൂണലിന്റെയും മാതൃകയിൽ തർക്കപരിഹാരത്തിനായി കാർഷിക കോടതികൾ (പ്രത്യേക കാർഷിക തർക്ക പരിഹാരകോടതികൾ) സ്ഥാപിക്കണം.

സർക്കാർ നിയന്ത്രണത്തിലുള്ള കാർഷികോത്പ്പന്ന വിപണനസമിതികൾ (എ.പി.എം.സി) സംവിധാനത്തിൽനിന്ന് ട്രേഡ് ഏരിയയിലേക്കുള്ള മാറ്റം കർഷകർക്ക് ഉല്പന്നങ്ങളുടെ വിലയിൽ ദൂരവ്യാപകമായ ദുഷ്യഫലങ്ങൾ സൃഷ്ടിക്കാൻ ഇടവരുത്തിയേക്കാം. കാർഷികോത്പ്പന്ന വിപണനസമിതി സംവിധാനങ്ങൾ നിലവിലില്ലാത്ത കേരളം പോലുള്ള സംസ്ഥാനങ്ങളിൽ, സർക്കാർ നിയന്ത്രണത്തിലുള്ള ഗ്രാമീണ ചന്തകളാണ് സംരക്ഷിക്കപ്പെടേണ്ടത്.

കരാർ കൃഷിക്ക് നിയമപ്രാബല്യം വരുന്നതിലൂടെ വിളകൾ ഉത്പാദിപ്പിക്കുന്ന കർഷകനും ഉത്പ്പന്നങ്ങൾ വാങ്ങുന്ന കുത്തക കമ്പനികളുൾപ്പെടെയുള്ളവരും തമ്മിൽ കൃഷിക്കു മുമ്പേ കരാറിലേർപ്പെടാനാകും. വൻകിടക്കാർക്ക് ആവശ്യമായ കാർഷികോത്പ്പന്നം അവർക്കുവേണ്ടി അവർ പറയുന്ന രീതിയിലും അളവിലും കർഷകൻ ഉത്പാദിപ്പിച്ചു നല്കാമെന്നതാണ് കരാർ. ഇവിടെസംരക്ഷിക്കപ്പെടുന്നത് കർഷക താത്പര്യമായിരിക്കില്ലല്ലോ. കാർഷിക ഉത്പാദക കമ്പനികളുടെ രൂപീകരണവും ഇത്തരം കമ്പനികൾ മുഖേന കരാർ കൃഷി നടപ്പാക്കിയും വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുകയെന്നതാണ് കർഷകർക്ക് സംഘടിക്കുവാനുള്ള ഒരു പ്രധാന മാർഗമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. രാജ്യത്ത് ഉടനടി പതിനായിരം കാർഷിക ഉദ്പാദക കമ്പനികൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവശ്യസാധന ഭേദഗതി നിയമപ്രകാരം പൂഴ്ത്തിവയ്പ്പും അവശ്യസാധനങ്ങളുടെ അനിയന്ത്രിത വില വർധനവും കർഷകർ മുന്നിൽക്കാണുന്നു. അവശ്യവസ്തുക്കളുടെ സംഭരണത്തിനും വിലവർധന തടയുന്നതിനും നിയമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന നിർദേശങ്ങൾ അപര്യാപ്തവും വ്യക്തതക്കുറവുള്ളതുമാണ്. ഹോർട്ടിക്കൾച്ചർ ഉല്പന്നങ്ങൾ ഏവയെന്ന് കൃത്യമായി നിർവചിക്കാത്തതും പ്രശ്നങ്ങൾ സൃഷ്ടിക്കും. അതുപോലെതന്നെ ഭക്ഷ്യവസ്തുക്കളുടെ വിപണനത്തിനായും മൂല്യവർധനവിനായും സ്ഥാപനങ്ങൾ വിഭവങ്ങൾ സംഭരിക്കുമ്പോൾ അതിന്റെ സംഭരണപരിധിയോ കയറ്റുമതിയുടെ അളവോ നിശ്ചിത അളവിൽ കൂടുതലാണെന്ന് കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങളും അപര്യാപ്തമാണ്.

ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ (കൺസ്യൂമർ സംസ്ഥാനം) കേരളത്തിലേക്കാവശ്യമായ ധാന്യങ്ങൾ, പച്ചക്കറികൾ, പയർവർഗങ്ങൾ എല്ലാം അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് വരുന്നത്. ലാഭംമാത്രം ലാക്കാക്കി കച്ചവടത്തി ലേർപ്പെടുന്ന വിപണന ഭീമന്മാർ ഇങ്ങനെ കൊണ്ടുവരുന്ന ഭക്ഷ്യവസ്തുക്കൾ നിയന്ത്രണമില്ലാതെ

ശേഖരിച്ചുവയ്ക്കുന്നത് അനിയന്ത്രിതമായ വിലവർധനക്കും കുത്തകവത്കരണത്തിനും ഇടയാക്കിയേക്കാം. ഇത് കർഷകരെയും ഉപഭോക്താക്കളേയും വളരെ ദോഷകരമായി ബാധിക്കും. ഭക്ഷ്യവിഭവങ്ങളുടെ ശേഖരണത്തിന് പരിധി നിശ്ചയിക്കുകയും അവശ്യ സാധനങ്ങളുടെ അന്യായമായ വിലവർധനവ് തടയുകയും ചെയ്യുന്നതിന് ശക്തമായ സർക്കാർ സംവിധാനങ്ങൾ ഉണ്ടാകണം.

ആയതിനാൽ, ഇപ്പോൾ പാസ്സാക്കപ്പെട്ടിട്ടുള്ള ഈ മൂന്ന് കാർഷിക നിയമങ്ങളും ഭാരതത്തിലെ കാർഷികരംഗത്തുള്ള എല്ലാ വിഭാഗം ജനങ്ങളുടെ ജീവിതത്തെയും ഉപജീവനമാർഗങ്ങളെയും വളരെ ഗൗരവമായി ബാധിക്കുവാൻ പോന്നവയാണെന്നും ഇവ നടപ്പിലാക്കുന്ന ഘട്ടത്തിൽ ഈ വിഷയങ്ങളും പരിഗണിക്കപ്പെടണമെന്ന് ഭാരതത്തിന്റെ പ്രധാനമന്ത്രിയോട് നിവേദനത്തിൽ അഭ്യർത്ഥിച്ചു. കൃത്യമായ അവധാനതയോടെയും സർക്കാർ സംവിധാനങ്ങളുടെ മേൽനോട്ടത്തിലും നടപ്പിലാക്കുകയാണെങ്കിൽ ഇവയിൽ വിഭാവന ചെയ്തിട്ടുള്ള നിർദേശങ്ങൾ രാഷ്ട്രപുരോഗതിയിൽ ക്രിയാത്മകമായ വളർച്ചയ്ക്ക് കാരണമാകുമെന്നതിൽ സംശയമില്ല. വിശ്വസ്തരായ പൗരന്മാരെന്ന നിലയിൽ ഈ നിയമങ്ങളുടെ ഉദ്ദേശശുദ്ധിയെ ഞങ്ങളും വിലമതിക്കുകയും പിന്താങ്ങുകയും ചെയ്യുന്നു.

വർഷങ്ങൾ നീണ്ട പ്രക്രിയയ്ക്കൊടുവിൽ ഇപ്രകാരം മൂന്ന് ബില്ലുകൾ നിയമങ്ങളായി മാറുമ്പോൾ അവയിൽ ഉൾക്കൊള്ളുന്ന നല്ല വശങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കർഷകരുടെ കൂട്ടായ്മകളും സംഘടനകളും മുന്നോട്ട് വരണം. കാർഷികോത്പാദന കമ്പനികൾക്ക് ഭാവിയിൽ ഈ രംഗത്ത് വളരെ കാര്യക്ഷമമായ ഇടപെടലുകൾ നടത്താനാവും. അതിന് എല്ലാ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളും നേതൃത്വം നൽകുന്നത് അഭികാമ്യമാണ്. രാജ്യത്തെ കർഷകരുടെ ആശങ്കയകറ്റാനുള്ള നടപടികൾ ഉത്തരവാദിത്വപ്പെട്ടവർ കൈക്കൊള്ളുമെന്ന് നമുക്കു പ്രത്യാശിക്കാം.

**ബിഷപ്പ് ജോസ് പുളിക്കൽ**
ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ
**ആർച്ചുബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ
**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
വൈസ് ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ
പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

# കച്ചേരിക്കാര്യം

**1. EWS ഹെൽപ്പ്ഡെസ്ക് രൂപീകരിച്ചു.**

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിയ മുന്നോക്ക വിഭാഗങ്ങളിലെ സംവരണമായ EWS ആനുകൂല്യം സ്വന്തമാക്കുന്നതിന് അർഹരായവരെ സഹായിക്കുവാൻ രൂപതാതലത്തിൽ ഒരു ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിരിക്കുന്നു. ഹെൽപ്പ് ഡെസ്ക്കിന്റെ പ്രവർത്തനങ്ങൾ ആവശ്യമുള്ളവർക്ക് താഴെക്കാണുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ 9645776746**
**ഫാ. സൈമൺ തൂമുള്ളിൽ 8086442992**

**2. കരോൾ പിരിവ്**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഈ വർഷം ഇടവകകളിൽ നടത്തുന്ന ക്രിസ്തുമസ്സ് കരോൾ പിരിവിൽ ലഭിക്കുന്ന തുക രൂപതയിലെ വൈദികർക്കും വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനും വേണ്ടിയാണ് മാറ്റിവയ്ക്കുന്നത്. ഈ ആവശ്യത്തിലേക്കായി എല്ലാ ഫൊറോന കേന്ദ്രങ്ങളിലേക്കും ഇതിനുള്ള കവറുകൾ എത്തിച്ചുതരുന്നതായിരിക്കും. ഇക്കാര്യം ഇടവകയിൽ നേരത്തെ അറിയിക്കുകയും ലഭിക്കുന്ന തുക രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

**3. തിരുപ്പട്ട സ്വീകരണം - കത്തീഡ്രലിൽ**

കോവിഡിന്റെ പ്രത്യേക നിയന്ത്രണങ്ങൾ ഉള്ളതിനാൽ, ഈ വർഷം നമ്മുടെ രൂപതയിലെ 6 ഡീക്കന്മാരുടെയും തിരുപ്പട്ട സ്വീകരണം ഡിസംബർ 26-ാം തീയ്യതി രാവിലെ 9 മണിക്ക് കത്തീഡ്രൽ ദൈവാലയത്തിൽ വച്ചാണ് നടത്തപ്പെടുന്നത് എന്ന കാര്യം ബഹു. അച്ചന്മാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഡിസംബർ 27-ാം തീയതി ബഹു. നവവൈദികർ അവരവരുടെ മാതൃ ഇടവകയിൽ നവപൂജാർപ്പണം നടത്തുന്നതാണ്. ബഹു. ഡീക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവജനത്തെ ഓർമ്മിപ്പിക്കുമല്ലോ.

**4. കുടുംബനവീകരണ വർഷം - സമാപനം**

2020 കുടുംബനവീകരണ വർഷമായി നമ്മുടെ രൂപതയിൽ ആചരിക്കുകയായിരുന്നല്ലോ. കുടുംബനവീകരണ വർഷ സമാപനം 2020 ഡിസംബർ 27-ാം തീയതി ഞായറാഴ്ചയാണ്. അന്നേ ദിവസം ഭവനങ്ങളിൽ കുടുംബപ്രതിഷ്ഠ നടത്തിയും ദൈവാലയങ്ങളിൽ പ്രത്യേകമായ

പ്രാർത്ഥനകൾ നടത്തിയും കുടുംബവർഷാചരണം സമാപിപ്പിക്കാവുന്നതാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ കുടുംബവർഷാചരണം പൂർണ്ണമായും നിശ്ചയിച്ച രീതിയിൽ നടത്താനായിട്ടില്ല. എങ്കിലും ഈ വർഷാചരണം വളരെ ഭംഗിയായി ഇടവകകളിൽ നടത്തുകയും അതിന്റെ ചൈതന്യം കുടുംബങ്ങളിലേക്ക് എത്തിക്കുന്നതിന് നേതൃത്വം നല്കുകയും ചെയ്ത എല്ലാ വൈദികരെയും സന്യസ്തരെയും അത്മായപ്രവർത്തകരെയും അഭിനന്ദിക്കുന്നു.

### 5. തിരുനാളാഘോഷങ്ങൾ

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ തിരുനാൾ ആഘോഷങ്ങൾ ലളിതമായിരിക്കുവാനും കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് നടത്തുവാനും ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓരോ ഇടവകയുടെയും ആ പ്രദേശത്തിന്റെയും സാഹചര്യങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

### 6. സ്വാഗതം - അഭിനന്ദനങ്ങൾ

റോമിലെ പൊന്തിഫിക്കൽ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ നിന്നും അജപാലന ദൈവശാസ്ത്രത്തിൽ (The family, subject and object of Evangelization in ‘Evangelii Gaudium’ and ‘Amoris Laetitia’ - Pastoral Care in the Intercultural and Urban Societies of the Diocese of Thamarassery) ഡോക്ടറേറ്റ് കരസ്ഥമാക്കി രൂപതയിൽ തിരിച്ചെത്തിയിരിക്കുന്ന റവ. ഡോ. സെബാസ്റ്റ്യൻ കവളക്കാട്ട് അച്ചന് അഭിനന്ദനങ്ങളും സ്വാഗതവും ആശംസിക്കുന്നു.

**ഫോൺ നമ്പർ : 8111955413**

### 7. ജൂബിലി ആശംസകൾ

പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന **ബഹു. മാത്യു മറ്റക്കോട്ടിലച്ചന്** ജൂബിലി മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു. നിത്യതയിലേക്ക് വിളിക്കപ്പെട്ട **ബഹു. ജോർജ്ജ് പരുത്തപ്പാറയച്ചനെ** കൃതജ്ഞതയോടെ അനുസ്മരിക്കാം. കുടിയേറ്റ ജനതയുടെ സമഗ്രവളർച്ചയ്ക്കുവേണ്ടി അത്യധ്വാനം ചെയ്ത് പൗരോഹിത്യ ശുശ്രൂഷകളിലൂടെ ദൈവജനത്തിന് സുവിശേഷമായി മാറിയ ബഹുമാനപ്പെട്ട അച്ചന് അനുമോദനങ്ങളും പ്രാർത്ഥനാശംസകളും.

പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയാഘോഷിക്കുന്ന **ബഹു. ഫാ. ജോൺ വള്ളിയാംതടത്തിൽ, ബഹു. ഫാ. തോമസ് ചക്കിട്ടമുറിയിൽ (സീനിയർ), ബഹു. ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ, ബഹു. ഫാ. സിബി കുര്യൻ പുളിക്കൽ, ബഹു. ഫാ. അഗസ്റ്റിൻ പാറ്റാനിയിൽ** എന്നിവർക്ക് ജൂബിലി മംഗളങ്ങൾ ആശംസിക്കുന്നു. കഴിഞ്ഞ 25 വർഷങ്ങളിൽ താമരശ്ശേരി രൂപതയിലെ

ദൈവജനത്തിന് വിവിധ മേഖലകളിൽ ശുശ്രൂഷ ചെയ്ത നിങ്ങളെ അഭിനന്ദിക്കുന്നു. നിത്യപുരോഹിതനായ ഈശോയുടെ ഹൃദയഭാവങ്ങൾ ഉൾക്കൊണ്ട് ഇനിയും പൗരോഹിത്യ വഴിയിൽ കർമ്മനിരതരാകാൻ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

**ബഹു. തോമസ് വട്ടോട്ടുതറപ്പേലച്ചനും മോൺ. ആന്റണി കൊഴുവനാലച്ചനും പൗരോഹിത്യ സുവർണ ജൂബിലിയിലേക്ക് പ്രവേശിക്കുന്നു.** ജൂബിലി വർഷം ബഹു. അച്ചന്മാർക്ക് പിന്നിട്ട വഴികളെയോർത്ത് ദൈവത്തിനും സഹോദരങ്ങൾക്കും നന്ദിയർപ്പിക്കാനുള്ള അവസരമാകട്ടെ.

**പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയിലേക്ക് പ്രവേശിക്കുന്നത് ബഹു. ഫാ. ജോർജ്ജ് മുണ്ടനാട്ട്, ബഹു. ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, ബഹു. ഫാ. ഡൊമിനിക് തൂങ്കുഴി, ബഹു. ഫാ. ജേക്കബ് കൂത്തൂർ** എന്നീ വൈദികരാണ്. ഈ വർഷം മുഴുവൻ ദൈവത്തിന് നന്ദി പറഞ്ഞ് കൂടുതൽ കരുത്തോടെ പൗരോഹിത്യ ശുശ്രൂഷയിൽ മുന്നോട്ടുപോകാൻ ദൈവാനുഗ്രഹം ലഭിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

## 9. ആരാധനക്രമ പഞ്ചാംഗം - കലണ്ടർ

2021 ലെ ആരാധനക്രമ പഞ്ചാംഗവും തിരുവചന കലണ്ടറും രൂപതാഭവനിൽ ലഭ്യമാണ്.

## 10. സ്മരണാഞ്ജലി

14-12-1982 - റവ. ഫാ. അബ്രാഹം കുഴിമുള്ളോരം
**24-12-1998 - റവ. ഫാ. ജോർജ് തടത്തിൽ**
24-12-2011 - റവ. ഫാ. അഗസ്റ്റിൻ കീലത്ത്
25-12-1983 - റവ. ഫാ. അഗസ്റ്റ്യൻ കിഴക്കാരക്കാട്ട്
25-12-2001 - റവ. ഫാ. ഫ്രാൻസിസ് അറയ്ക്കൽ
26-12-1994 - റവ. ഫാ. ജോസ് മുക്കാട്ട്
**29-12-2018 - റവ. ഫാ. ജോസഫ് കാളക്കുഴി**

**പ്രോട്ടോസിഞ്ചെല്ലൂസ്**




പാവനസ്മരണയ്ക്ക്
റവ. ഫാ. ജോർജ്ജ് തടത്തിൽ
ചെങ്ങളം
24.12.1998
റവ. ഫാ. ജോസഫ് കാളക്കുഴി
വാഴക്കുളം
29.12.2018


താമരമൊട്ടിന്റെ വായനക്കാർക്കെല്ലാം
ക്രിസ്തുമസ്
പുതുവത്സര
ആശംസകൾ
ഏറ്റവും സ്നേഹപൂർവ്വം
നേരുന്നു

# താമരശ്ശേരി രൂപതയ്ക്കുവേണ്ടി 2020 ഡിസംബറിൽ തിരുപ്പട്ടം സ്വീകരിക്കുന്നവർ

**2020 ഡിസംബർ 26 ാം തീയതി രാവിലെ 9 ന്**
**മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ**

1. ഡീക്കൻ ജോസുകുട്ടി അന്തീനാട്ട്
2. ഡീക്കൻ അബ്രാഹം സ്രാമ്പിക്കൽ
3. ഡീക്കൻ മാത്യു തെക്കേക്കരമറ്റം
4. ഡീക്കൻ മാത്യു പനച്ചിക്കൽ
5. ഡീക്കൻ തോമസ് കുടിയിരിക്കൽ
6. ഡീക്കൻ ജോസഫ് കിളിയൻപറമ്പിൽ



# പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെടുന്ന ഡീക്കന്മാർ



ഡീക്കൻ ജോസുകുട്ടി അന്തീനാട്ട്
ഇടവക : കരിങ്ങാട്



ഡീക്കൻ അബ്രാഹം സ്രാമ്പിക്കൽ
ഇടവക : കൂരാച്ചുണ്ട്



ഡീക്കൻ മാത്യു തെക്കേക്കെരമറ്റം
ഇടവക : കോടഞ്ചേരി



ഡീക്കൻ മാത്യു പനച്ചിക്കൽ
ഇടവക : കൂരാച്ചുണ്ട്



ഡീക്കൻ തോമസ് കുടിയിരിക്കൽ
ഇടവക : ചമൽ



ഡീക്കൻ ജോസഫ് കിളിയംപറമ്പിൽ
ഇടവക : മാലാപറമ്പ്

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹമുള്ള കുഞ്ഞുമിഷനറിമാരേ,

കുളിരും നിലാവും നിറഞ്ഞ ക്രിസ്തുമസ് കാലത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. ഉണ്ണീശോയുടെ തിരുപ്പിറവിക്കായി നമ്മൾ സുകൃതങ്ങളിലൂടെ വളരുന്ന പുണ്യദിനങ്ങൾ. നക്ഷത്ര വിളക്കുകളും, പുൽക്കൂടും, ക്രിസ്തുമസ് ട്രീയും മനസുകളെ ഉണർത്തുന്ന ദൈവീക സന്തോഷത്തിന്റെ നാളുകൾ. ഈ വർഷം പതിവിനു വിപരീതമായ സാഹചര്യങ്ങൾ നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് മങ്ങലേല്പിക്കുന്നുവെങ്കിലും ദൈവം തന്ന നല്ല അവസരങ്ങളിലൂടെ നവ മാധ്യമങ്ങളിലൂടെ ഈ വർഷത്തെ ക്രിസ്തുമസ് നമുക്ക് ഭംഗിയായി ക്രമീകരിക്കാൻ ശ്രമിക്കാം. എല്ലാവർക്കും ആഗതമാകുന്ന തിരുപ്പിറവിയുടെയും നവവത്സരത്തിന്റെയും ആശംസകൾ മുൻകൂട്ടി അറിയിക്കുന്നു.

**നതാലെ - 2020 - ക്രിസ്തുമസ് ആഘോഷ പരിപാടി**

1. **ക്രിസ്തുമസ് സുകൃതമഞ്ജരി:** പുണ്യങ്ങൾ അഭ്യസിച്ചുകൊണ്ട് ഉണ്ണീശോയെ വരവേല്ക്കാൻ ഈ വർഷം രൂപതയിൽനിന്നും സുകൃതമഞ്ജരി തയ്യാറാക്കി നൽകുന്നു.
2. **ക്രിസ്തുമസ് ഗീതങ്ങൾ:** ചെറുപുഷ്പ മിഷൻലീഗ് മത്സരങ്ങളിൽ മികവു തെളിയിച്ച മികച്ച ഗായകർ ആലപിക്കുന്ന പുതിയ ഗാനങ്ങൾ വീഡിയോ ചെയ്ത് പോസ്റ്റ് ചെയ്യുന്നു.
3. **ക്രിസ്തുമസ് ചിന്തകൾ:** കുഞ്ഞു മിഷനറിമാരുടെ ക്രിസ്തുമസ് ചിന്തകൾ എല്ലാദിവസവും പോസ്റ്റർ അയയ്ക്കുന്നു.
4. **ഫിയസ്റ്റ 2020: കരോൾഗാന മത്സരം.** മിഷൻലീഗിന്റെയും മലബാർ വിഷന്റെയും ആഭിമുഖ്യത്തിൽ ഓൺലൈൻ കരോൾഗാന മത്സരം നടത്തുന്നു. ഡിസംബർ 21 ന് വീഡിയോ അയക്കേണ്ട അവസാന തീയതി.

**ഡിസംബർമാസ പ്രോഗ്രാം**

| | | |
|---|---|---|
| 1 ചൊവ്വ | - | 25 നോമ്പാരംഭം |
| 3 വ്യാഴം | - | വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ, അസാധാരണ സമ്മേളനം പൊതു ദിവ്യകാരുണ്യ സ്വീകരണം |
| 08 ചൊവ്വ | - | അമലോത്ഭ മാതാവിന്റെ തിരുനാൾ |

19 ശനി – രൂപത എക്സിക്യുട്ടീവ്, ക്രിസ്തുമസ് ആഘോഷം

21 തിങ്കൾ – ഫിയസ്റ്റ 2020 കരോൾഗാന മത്സരം, അവസാനതീയതി

25 വെള്ളി – ക്രിസ്തുമസ്

26 ശനി – വി. സ്റ്റീഫൻ തിരുനാൾ

28 തിങ്കൾ – കുഞ്ഞിപൈതങ്ങളുടെ തിരുനാൾ

**വളരാൻ വളർത്താൻ**

- ക്രിസ്തുമസ് ആശംസകൾ അയക്കുക
- പുതുവസ്തരത്തിനായി ഒരുങ്ങുക
- മിഷനിൽ പ്രവർത്തിക്കുന്നവർക്ക് ആശംസ കാർഡ് അയയ്ക്കുക.
- വിശുദ്ധരെ അറിയാൻ – വി. സ്റ്റീഫൻ

**നൂറുമേനി മിഷൻക്വിസ്സ് വിജയികൾ**

I[st] - Anju Raju Plamoottil, Koomamkulam

II[nd] - Alex Vazhayil, Thiruvambady

III[rd] - Roseline Neilson Kuttikkadan, Ashokapuram

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

# തിരുബാലസഖ്യം

**2020 ഡിസംബർ – ഉണ്ണീശോയ്ക്ക് സമർപ്പിതം**

പരിചയപ്പെടുന്ന വിശുദ്ധൻ: വി. ഫ്രാൻസീസ് സേവ്യർ

പ്രാർത്ഥനാ നിയോഗം : കുഞ്ഞിപൈതങ്ങൾക്കുവേണ്ടി

സുകൃതജപം : ഉണ്ണീശോയെ ഞങ്ങളുടെ ഹൃദയത്തിൽ വസിക്കണമേ

വചനം : കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി (ലൂക്കാ 1:45)

1 ചൊവ്വ – 25 നോമ്പ് ആരംഭം. ക്രിസ്തുമസ് ഫ്രണ്ടിനെ തിരഞ്ഞെടുത്ത് 25 ദിവസവും പ്രാർത്ഥിക്കുകയും വി. കുർബാനയിൽ സംബന്ധിക്കുകയും ചെയ്യുക. ചെറിയ ത്യാഗങ്ങൾ ചെയ്ത് പാവപ്പെട്ട കുട്ടികളെ സഹായിക്കാൻ പരിശീലിക്കുക.

3 വ്യാഴം – വി. ഫ്രാൻസിസ് സേവ്യർ തിരുനാൾ – വി. കുർബാനയിൽ പങ്കെടുക്കുക. സുവിശേഷം മർക്കോ. 6:7–13,
ലേഖനം 2 കോറി 6:3–10

6 ഞായർ – വി. കുർബാനയിൽ പങ്കെടുക്കുക.
സുവിശേഷം ലൂക്കാ 1:26–38, ലേഖനം കൊളോ. 4:2–6

8 ചൊവ്വ – അമലോത്ഭവതിരുനാൾ. വി. കുർബാനയിൽ പങ്കെടുക്കുക. സുവിശേഷം ലൂക്കാ 1:46–55, ലേഖനം ഹെബ്രാ. 1:1–3+2:16

13 ഞായർ – വി. കുർബാനയിൽ പങ്കെടുക്കുക. സുവിശേഷം
ലൂക്കാ 1:57–66, ലേഖനം എഫേ. 5:5–21.

20 ഞായർ – വി. കുർബാനയിൽ പങ്കെടുക്കുക. സുവിശേഷം
മത്താ. 1:18–24, ലേഖനം എഫേ. 5:5–21

25 വെള്ളി – ക്രിസ്തുമസ്. വി. കുർബാനയിൽ പങ്കെടുക്കുക. സുവിശേഷം ലൂക്കാ 2:1–20, ലേഖനം ഗലാ. 3:15–4:6.

27 ഞായർ – തിരുകുടുംബത്തിന്റെ തിരുനാൾ. വി. കുർബാനയിൽ പങ്കെടുക്കുക. സുവിശേഷം മത്താ. 2:13–14, 19:23,
ലേഖനം കൊളോ. 3:18–21

28 തിങ്കൾ – കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ

31 വ്യാഴം – വർഷാവസാനം, വി. കുർബാനയിൽ പങ്കെടുക്കുന്നു.

പ്രവൃത്തി – ക്രിസ്തുമസിനൊരുക്കമായി ഓരോ ദിവസവും ഒരു സുകൃതജപം വീതം കുട്ടികളെ ചൊല്ലാൻ പഠിപ്പിക്കുക.

ഗീതം – പൈതലാം യേശുവേ..... എന്ന ഗാനം പഠിപ്പിക്കുന്നു

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# കെ.സി.വൈ.എം.

**അഭിനന്ദനങ്ങൾ**

1 182 രാജ്യങ്ങളിലായി ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഫൊക്കോലാരെ നടത്തിയ മത്സരത്തിൽ ക്യാരാലുച്ചെബദാനോ അന്താരാഷ്ട്ര അവാർഡ് നേടിയ കുപ്പായക്കോട് ഇടവക ചെമ്മാൻ പള്ളിയിൽ മനോജിന്റെയും

ബിന്ദുവിന്റെയും മകളായ റോസ് ലിന്റിന് കെ.സി.വൈ.എം താമരശ്ശേരി രൂപതയുടെ അഭിനന്ദനങ്ങൾ.

2 കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. & ദർശകൻ സാമ്പത്തിക സംവരണത്തെ ചൊല്ലി "എന്തിന് അസ്വസ്ഥത" എന്ന വിഷയത്തിൽ നടത്തിയ പ്രസംഗമത്സരത്തിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കിയ താമരശ്ശേരി രൂപത അംഗം ബിൻഷ തോമസ് പനച്ചിക്കലിന് (കോടഞ്ചേരി യൂണിറ്റ്) അഭിനന്ദനങ്ങൾ.

## പ്രാർത്ഥനാശംസകൾ

വിവാഹ ജീവിത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന കെ.സി.വൈ.എം താമരശ്ശേരി രൂപതയുടെ കരുത്തനായ പ്രസിഡന്റ് വിശാഖ് തോമസിനും ജെൻസി തോമസിനും കെ.സി.വൈ.എം കുടുംബത്തിന്റെ മംഗളങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

## പാറോപ്പടി യൂണിറ്റ് 'ഫിദേയി' – വിശ്വാസ-നേതൃത്വ പരിശീലനം നടത്തി

ക്രൈസ്തവ വിശ്വാസത്തിലൂടെ നേതൃത്വത്തിലേക്ക് യുവജനങ്ങളെ നയിക്കുക എന്ന ഉദ്ദേശത്തോടെ പാറോപ്പടി ഇടവകയിലെ +1 മതബോധന വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുത്ത 8 യുവജന സുഹൃത്തുകളെയും യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളെയും ഉൾപ്പെടുത്തി "ഫിദേയി വിശ്വാസ-നേതൃത്വ പരിശീലനം" വിജയകരമായി പൂർത്തിയാക്കി.

ആഗസ്റ്റ് 2 ഞായറാഴ്ച തുടക്കം കുറിച്ച ഫിദേയി പ്രോഗ്രാം തുടർന്നുള്ള പതിനാലോളം ശനി, ഞായർ ദിവസങ്ങളിൽ വിശ്വാസത്തിന്റെ ഉള്ളടക്കത്തെയും, അനുഭവത്തെയും, പ്രവർത്തിയെയും അതോടൊപ്പംതന്നെ ക്രൈസ്തവ നേതൃത്വത്തെയും അതിനുവേണ്ട ഗുണങ്ങളെയും പറ്റിയുള്ള വിവിധ ക്ലാസുകളിലൂടെ യുവജനങ്ങളിൽ പുതിയ ഒരു അറിവിന് അടിത്തറയിടുകയുണ്ടായി. ബ്ര. ബോബി ജോർജ്, ഇടവക കെ.സി.വൈ.എം പ്രസിഡന്റ് ജെസ്വിൻ ജോർജ്, JY ഫുൾ ടൈമർ മരിയ ജോർജ്, ഡോ. എഡ്വിൻ മാത്യു ലൂയിസ്, യൂണിറ്റ് സെക്രട്ടറി ജേക്കബ് ജോയ് തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

## രചനാ മത്സരങ്ങൾ നടത്തപ്പെട്ടു

ഒക്ടോബർ 25 ന് വിവിധ മേഖലകളിലായി നടത്തപ്പെട്ട രചനാ മത്സരങ്ങളിൽ നിരവധി യുവപ്രതിഭകൾ തങ്ങളുടെ സർഗാത്മക കഴിവുകളുടെ മാറ്റുരച്ചു. മത്സരങ്ങളിൽ പങ്കെടുത്ത എല്ലാ യുവജന സുഹൃത്തുക്കൾക്കും വിജയികളായവർക്കും ആനിമേറ്റർമാർക്കും മേഖലാ- യൂണിറ്റ് പ്രസിഡന്റ്മാർക്കും ടീം മാനേജേസിനും മറ്റു മേഖല-യൂണിറ്റ് ഭാരവാഹികൾക്കും രൂപതയുടെ നന്ദി അറിയിക്കുന്നു.

വിവിധ മത്സരങ്ങളിൽ സമ്മാനാർഹരായവരുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

**ചെറുകഥ**

ഒന്നാം സ്ഥാനം: ടോം സെബാസ്റ്റ്യൻ കൊച്ചുകടുപ്പിൽ, തിരുവമ്പാടി മേഖല, വിളക്കാംതോട് ഇടവക

രണ്ടാം സ്ഥാനം: സിയ ജോസ് വെട്ടുകല്ലേൽ, മരുതോങ്കര മേഖല, കുണ്ടുതോട് ഇടവക

മൂന്നാം സ്ഥാനം: ജോവിറ്റ ജോസഫ് കല്ലുനിലത്തേൽ, താമരശ്ശേരി മേഖല, നൂറാംതോട് ഇടവക

**ഉപന്യാസം**

ഒന്നാം സ്ഥാനം: അൽഫോൻസ പുളിക്കൽ, മരുതോങ്കര മേഖല, പശുക്കടവ് ഇടവക

രണ്ടാം സ്ഥാനം: ഡൊമിനിക് പ്രിൻസ്, കരുവാരക്കുണ്ട് മേഖല, കാളികാവ് ഇടവക

മൂന്നാം സ്ഥാനം: സാന്ദ്ര മരിയ ജോളി ഉണ്ണിയേപ്പള്ളിൽ, തിരുവമ്പാടി മേഖല, തിരുവമ്പാടി ഇടവക

മൂന്നാം സ്ഥാനം: സിന്റില സാന്റേഴ്സ് കാരിക്കുഴിയിൽ, കോടഞ്ചേരി മേഖല, മഞ്ഞുവയൽ ഇടവക

**പത്രവാർത്ത**

ഒന്നാം സ്ഥാനം: ഡെൽന ജോസഫ് വടയാറ്റുകുന്നേൽ, തിരുവമ്പാടി മേഖല, കൂടരഞ്ഞി ഇടവക

രണ്ടാം സ്ഥാനം: ടെസ്‌ലി ജെയിംസ്, കൊട്ടാരത്തിൽ, മരുതോങ്കര മേഖല, പശുക്കടവ് ഇടവക

മൂന്നാം സ്ഥാനം:, ജീവ ജോസ്, മാറാപ്പിള്ളിൽ, തിരുവമ്പാടി മേഖല, പുല്ലൂരാംപാറ ഇടവക

**മുദ്രാവാക്യരചന**

ഒന്നാം സ്ഥാനം: ടോണി അഗസ്റ്റിൻ പനച്ചിക്കൽ, കൂരാച്ചുണ്ട് മേഖല, കൂരാച്ചുണ്ട് ഇടവക

രണ്ടാം സ്ഥാനം: എഡ്വിൻ ഇലവുങ്കൽ, തോട്ടുമുക്കം മേഖല, മരംചാട്ടി ഇടവക

മൂന്നാം സ്ഥാനം: അമൽ ജോബി പള്ളിക്കുന്നേൽ, താമരശ്ശേരി മേഖല, നൂറാംതോട് ഇടവക

മൂന്നാം സ്ഥാനം: ജെറിൻ ജോൺസൺ, മലപ്പുറം മേഖല, മലപ്പുറം ഇടവക

**കാർട്ടൂൺ**

ഒന്നാം സ്ഥാനം: നിർമ്മൽ ദേവസ്യ കൊല്ലിച്ചിറയിൽ, താമരശ്ശേരി മേഖല, കൂടത്തായി ഇടവക

രണ്ടാം സ്ഥാനം: നിഥിൻ ബിജു പുറത്തൂട്ട്, തിരുവമ്പാടി മേഖല, തിരുവമ്പാടി ഇടവക

മൂന്നാം സ്ഥാനം: അജയ് ഷാജു പാലാമറ്റം, മരുതോങ്കര മേഖല, ചെമ്പനോട ഇടവക

മൂന്നാംസ്ഥാനം: ജൂലിയറ്റ് ജേക്കബ് കരിമുട്ടത്ത്, പാറോപ്പടി മേഖല, ചേവായൂർ ഇടവക

**കവിത**

ഒന്നാം സ്ഥാനം: അക്ഷര സജി കാപ്പിൽ, മരുതോങ്കര മേഖല, ചെമ്പനോട ഇടവക

രണ്ടാം സ്ഥാനം: നീമ മരിയ ഷിബു കിഴക്കയിൽ, താമരശ്ശേരി മേഖല, പുതുപ്പാടി ഇടവക

മൂന്നാം സ്ഥാനം: മമത റോസ് വെട്ടുവേലിക്കുന്നേൽ, പെരിന്തൽമണ്ണ മേഖല, മരിയാപുരം ഇടവക

**നോട്ടീസ് രചന**

ഒന്നാം സ്ഥാനം: ചിപ്പി മാത്യു കുന്നപ്പള്ളി, മരുതോങ്കര മേഖല, കുണ്ടുതോട് ഇട വക

രണ്ടാം സ്ഥാനം: റിയ ജോൺ കുന്നത്തേട്ട്, താമരശ്ശേരി മേഖല, ചമൽ ഇടവക

മൂന്നാം സ്ഥാനം: ടെസ് എലിസബത്ത് ടോം പാബ്ലാനിയിൽ വിലങ്ങാട് മേഖല, വിലങ്ങാട് ഇടവക

മൂന്നാം സ്ഥാനം: നാൻസി ആന്റണി ചിറ്റിലപ്പിള്ളി, തിരുവമ്പാടി മേഖല, തിരുവമ്പാടി ഇടവക

| മേഖല | പോയിന്റ് നിലവാരം |
|---|---|
| മരുതോങ്കര | 22 |
| തിരുവമ്പാടി | 16 |
| താമരശ്ശേരി | 13 |
| കൂരാച്ചുണ്ട് | 5 |
| കരുവാരക്കുണ്ട് | 3 |
| തോട്ടുമുക്കം | 3 |

| | |
|---|---|
| കോടഞ്ചേരി | 1 |
| പെരിന്തൽമണ്ണ | 1 |
| വിലങ്ങാട് | 1 |
| മലപ്പുറം | 1 |
| പാറോപ്പടി | 1 |

## അറിയിപ്പുകൾ

1 തോട്ടുമുക്കം മേഖലയുടെ നേതൃത്വത്തിൽ ക്രിസ്തുമസിനോട് അനുബന്ധിച്ച് സാന്ത ടോക്സ് പ്രോഗ്രാം ആരംഭിക്കുന്നു.

2 കെ.സി.വൈ.എം താമരശ്ശേരി രൂപത നേതൃത്വത്തിൽ Candy Cane ക്രിസ്മസ് സെലിബ്രേഷൻസ് നടത്തുന്നു. ക്രിസ്മസ് ചലഞ്ച് സീസൺ 2- പോർട്ടബിൾ ക്രിബ് കോമ്പറ്റീഷൻ, ക്രിസ്മസ് ഗാനം മത്സരം, ക്രിസ്മസ് ഥ ഠമഹസഭ, പിറവി സന്ദേശങ്ങൾ, ഉണ്ണീശോയ്ക്കൊരു വീട്, ക്രിസ്മസ് പ്രാർത്ഥനായജ്ഞം എന്നിവ ഉള്ളതാണ് Candy Cane - ക്രിസ്മസ് സെലിബ്രേഷൻസ്.

3. മേഖല സെനറ്റുകൾ നവംബർ 25 മുതൽ ഡിസംബർ 25 വരെയുള്ള തീയതികളിൽ നടത്തപ്പെടുന്നു. യൂണിറ്റുകളിൽ അടിയന്തരമായി ഭാരവാഹികൾ മാറേണ്ടത് ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ നോമിനേഷൻ വഴിയേ തിരഞ്ഞെടുപ്പ് വഴിയോ പുതിയ ഭാരവാഹികളെ നിയമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

4. സംസ്ഥാന കലാമത്സരങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇത്തവണ ഓൺലൈൻ ആയി നടത്തുന്ന മത്സരത്തിൽ വ്യക്തിഗത ഇനങ്ങളിൽ നാടോടിനൃത്തം, ലളിതഗാനം, പ്രസംഗം, മിമിക്രി, മോണോ ആക്ട്, ഫോട്ടോഗ്രാഫി എന്ന ഇനങ്ങളിലും ഗ്രൂപ്പ് മത്സരങ്ങളിൽ സംഘഗാനം, മൈം, കെ.സി.വൈ.എം ആന്തം, മാർഗംകളി, എന്നീ ഇനങ്ങളിലും രചന മത്സരങ്ങളിലും രൂപതയിൽ നിന്നും മത്സരാർത്ഥികൾ പങ്കെടുത്തു.

5. ഉണ്ണീശോയ്ക്കൊരു വീട്: ക്രിസ്മസ്സിനോട് അനുബന്ധിച്ച് കെ.സി.വൈ.എം ൽ സജീവമായി പ്രവർത്തിക്കുന്ന ഒരു വ്യക്തിക്ക് വീട് നിർമ്മിച്ചു നൽകാൻ തീരുമാനിച്ചിരിക്കുന്നു. സന്നദ്ധരായവരുടെ സഹകരണത്തോടെ ഗൂഗിൾ പേ മുഖേന പണം കണ്ടെത്താൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട അച്ചന്മാരുടെ സഹകരണം പ്രതീക്ഷിക്കുകയാണ്.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമ ത്തെക്കുറിച്ചുള്ള ഓൺലൈൻ കോഴ്സ്

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസുകൾ എല്ലാ മാസവും രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ച നടക്കുന്നു. വൈകിട്ട് 8.30 മുതൽ 9.30 വരെയാണ് ഈ ക്ലാസുകൾ നടക്കുന്നത്.

പ്രസിദ്ധ ബൈബിൾ പണ്ഡിതനായ മൽപ്പാൻ ഡോ. മാത്യു വെള്ളാനിക്കൽ അച്ചൻ 'വിശുദ്ധ കുർബാന വിശുദ്ധ ഗ്രന്ഥ വെളിച്ചത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി നവംബർ പതിനാലിന് ക്ലാസ് നയിച്ചു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവാണ് 'വിശുദ്ധ കുർബാനയും ആരാധന ഭാഷയും' എന്ന വിഷയത്തെ ആസ്പദമാക്കി നവംബർ 28ന് ക്ലാസ് നയിച്ചത്. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 200 ഓളം പേർ സൂം മീറ്റിലൂടെ ക്ലാസിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം ആണ് ഈ കോഴ്സ് കൊണ്ട് ഉദ്ദേശിക്കുന്നത്. താത്പര്യമുള്ള ആർക്കും ഇതിൽ സംബന്ധിക്കാം. താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്സ് സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ടാകുന്നതാണ്. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

ഈ ക്ലാസിന് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തരുന്ന പി.എം.ഒ.സി ഡയറക്ടർ ഡോ. ജോസഫ് കളരിക്കൽ, ഡോ. കുര്യൻ പുരമഠത്തിൽ, റിജോ കുത്രപ്പള്ളി, ജോബി തെക്കേക്കര എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു. ബഹു. അച്ചന്മാർ പള്ളിയിലെ വാട്സാപ്പ് ഗ്രൂപ്പുകളിൽ ഈ ക്ലാസ്സുമായി ബന്ധപ്പെട്ട അറിയിപ്പുകൾ ഷെയർ ചെയ്യുകയും ഇതിൽ പങ്കെടുക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

## മാർ കരിയാറ്റിൽ സുറിയാനി അക്കാദമി

നമ്മുടെ ആരാധനാ ഭാഷയായ സുറിയാനിയെ അറിയാനും സ്നേഹിക്കാനും സുറിയാനിത്തക്സ, ഗീതങ്ങൾ തുടങ്ങിയവ പരിചയപ്പെടാനും രൂപതാ ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ ആരംഭിച്ച മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ ആദ്യഘട്ട ക്ലാസുകൾ നമ്മുടെ രൂപതയിലെ ബഹു. അച്ചന്മാർക്ക് വേണ്ടി നടന്നുകൊണ്ടിരിക്കുന്നു. വിവിധ മേജർ സെമിനാരികളിലെ അധ്യാപകനും വടകര പള്ളി വികാരിയുമായ ഡോ. മാത്യു കുളത്തിങ്കലച്ചനാണ് ക്ലാസ്സ് നയിക്കുന്നത്. എല്ലാ തിങ്കളാഴ്ചയും വൈകുന്നേരം 6 മണിമുതൽ 7.30 വരെ ഗൂഗിൾ മീറ്റി ലൂടെയാണ് ക്ലാസ്സ് നടത്തുന്നത്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## ജീവൻ സുരക്ഷാപദ്ധതി

താമരശ്ശേരി രൂപതയിൽ പ്രോ-ലൈഫിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ജീവസുരക്ഷാപദ്ധതിയിൽ 120 കുട്ടികളെ രജിസ്റ്റർ ചെയ്തു. രൂപതയിലെ 4 മക്കളുള്ള കുടുംബങ്ങളിലെ കുട്ടികളിൽ 2014 ന് ശേഷം ജനിച്ച കുട്ടികൾക്കാണ് ജീവൻസുരക്ഷാ പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്. ഓരോ കുട്ടിയുടെയും രൂപത ഡയറക്ടറുടെയും ജോയിന്റ് അക്കൗണ്ടിൽ 5 വർഷത്തേക്ക് പ്രതിവർഷം 6000 രൂപ സ്ഥിരനിക്ഷേപം നൽകുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയുടെ ബാങ്ക് ഡിപ്പോസിറ്റ് നോട്ട് പി.എം.ഒ.സി.യിലുള്ള പ്രോ-ലൈഫ് ഓഫീസിൽ ലഭ്യമാണ്.

## അടുക്കളത്തോട്ട മത്സരം

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ഇൻഫാമിന്റെയും ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെയും സഹകരണത്തോടെ നടത്തപ്പെടുന്ന അടുക്കളത്തോട്ട മത്സരം ഡിസംബർ 1 ന് ആരംഭിച്ച് ഫെബ്രുവരി 15 ന് അവസാനിക്കുന്നു. മത്സരത്തിന്റെ രൂപതാതല ഉദ്ഘാടനം രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ രൂപതാഭവനിൽ പ്രത്യേകം തയ്യാറാക്കിയ സ്ഥലത്ത് രൂപത കൂരിയ അംഗങ്ങളുടെയും മരിയൻ പ്രോ-ലൈഫ് ഭാരവാഹികളുടെയും സാന്നിധ്യത്തിൽ നിർവ്വഹിച്ചു. വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര, ചാൻസലർ ഫാ. ജോർജ് മുണ്ടനാട്ട്, പ്രൊകുറേറ്റർ ഫാ. മാത്യു പുളിമൂട്ടിൽ, പ്രോ-ലൈഫിന്റെയും ഇൻഫാമിന്റെയും ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, പ്രോ-ലൈഫ് അസി. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചീരമറ്റത്തിൽ, ഇൻഫാം അസി. ഡയറക്ടർ ഫാ. ജോസഫ് ആലപ്പാട്ടുകോട്ടയിൽ, പ്രോ-ലൈഫ് രൂപത പ്രസിഡന്റ് സജീവ് പുരയിടത്തിൽ, സെക്രട്ടറി ജോൺസൺ തെങ്ങുംതോട്ടത്തിൽ, ട്രഷറർ ഡോ. സന്തോഷ് സ്കറിയ, വൈസ് പ്രസിഡന്റ് ഡോ. ബെസ്റ്റി ജോസ്, അടുക്കളത്തോട്ടമത്സരം കോർഡിനേറ്റർമാരായ ബിനു പുത്തൻപുരയിൽ, വിനോദ് വെട്ടത്ത്, തോമസ് പുത്തൻപുരയ്ക്കൽ, രൂപത ആനിമേറ്റർ സി. റോസ് മേരി സി.എം.സി എന്നിവർ നേതൃത്വം നൽകി. മത്സരത്തിന്റെ ഫലപ്രഖ്യാപനം ഫെബ്രുവരി 15 ന് രൂപതാ ഭവനിൽ വച്ച് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിക്കുന്നതായിരിക്കും. ഒന്നാം സമ്മാനം 15000, രണ്ടാം സമ്മാനം 10000, മൂന്നാം സമ്മാനം 7500. മത്സരാർത്ഥികളിൽനിന്ന് ഒരാൾക്ക് 5000 എന്നിങ്ങനെയായിരിക്കും സമ്മാനങ്ങൾ.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് & ഇൻഫാം









# മാതൃവേദി

## കുരിശിനെ അവഹേളിച്ചതിൽ ശക്തമായ പ്രതിഷേധം

കക്കാടംപൊയിൽ മലമുകളിലുള്ള കുരിശിനെ അവഹേളിച്ചതിൽ ശക്തമായ പ്രതിഷേധം സീറോ മലബാർ മാതൃവേദി താമരശ്ശേരി രൂപത എക്സിക്യൂട്ടീവ് അറിയിച്ചു. പ്രതിഷേധ സൂചകമായി വീടുകളിൽ കുരിശുരൂപം വഹിച്ച് തിരി കത്തിച്ച് അമ്മമാരുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി. വിവിധ ഇടവകകളിലെ മാതൃവേദിയുടെ നേതൃത്വത്തിൽ കുരിശടികൾ വൃത്തിയാക്കുകയും, തിരി കത്തിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ഇനിയും ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ അതീവ ജാഗ്രത പുലർത്തണമെന്നും ഒപ്പം ഇത്തരം പ്രവർത്തനങ്ങളിൽ ശക്തമായ പ്രതിഷേധം അറിയിക്കേണ്ടത് അത്യാവശ്യമാണെന്നും രൂപത എക്സിക്യൂട്ടീവ് അഭിപ്രായപ്പെട്ടു.

## റൊസാരിയോ 2020

ഒക്ടോബർ മാസത്തിലെ ജപമാല ആചരണത്തിന്റെ സമാപനമായി രൂപതയിലെ അമ്മമാർക്കായി റൊസാരിയോ2020 എന്ന പേരിൽ മരിയൻ സായാഹ്നം സംഘടിപ്പിച്ചു. ഫാ. തോമസ് മലപ്രവനാൽ ഉദ്ഘാടനം ചെയ്ത വെബിനാറിന് സിസ്റ്റർ ഡെൽന റോസ് എം.എസ്.എം. ഐ നേതൃത്വം നൽകി. ഫാ. ജോസഫ് ചിറതലയ്ക്കൽ, സിസ്റ്റർ ഫിലോ, മേരി ജോസ് മരുതോങ്കര, ആനിയമ്മ ടോമി മഞ്ചേരി , ദീപാ റെജി എന്നിവർ നേതൃത്വം നൽകി.

## ശുദ്ധീകരണ സ്ഥലവും, പ്രാർത്ഥനകളും

നവംബർ മാസം ശുദ്ധീകരണ ആത്മാക്കൾക്ക് വേണ്ടി മാറ്റി വച്ചിരിക്കുന്ന മാസമായതിനാൽ നവംബർ രണ്ടാം തിയ്യതി ബഹുമാനപ്പെട്ട രൂപത ചാൻസിലർ ബെന്നി മുണ്ടനാട്ടച്ചന്റെ സന്ദേശം രൂപതയിലെ എല്ലാ അമ്മമാർക്കുമായി മാതൃവേദിയുടെ യൂട്യൂബ് ചാനലിലൂടെ നൽകി.

ശുദ്ധീകരണ ആത്മാക്കൾക്ക് വേണ്ടിയുള്ള വണക്കമാസം പ്രാർത്ഥന എല്ലാ ദിവസവും രൂപത മാതൃവേദിയുടെ വാട്സപ്പ് ഗ്രൂപ്പിലൂടെ നൽകുന്നു. നവംബർ ഇരുപതാം തിയ്യതി വെള്ളിയാഴ്ച രാവിലെ 7 മണി മുതൽ ശനിയാഴ്ച രാവിലെ 7 മണി വരെ മേഖലകളുടെ നേതൃത്വത്തിൽ എല്ലാ ഇടവകകളിലും കരുണ കൊന്തയും, ശുദ്ധീകരണ ആത്മാക്കളുടെ ലുത്തിനിയയും ചൊല്ലി പ്രാർത്ഥിച്ചു.

## രൂപത എക്സിക്യൂട്ടീവുകൾ

നവംബർ ഏഴിന് ഒരു അടിയന്തര എക്സിക്യൂട്ടീവ് മീറ്റിംഗ് ഗൂഗിളിലൂടെ ചേർന്നു. കക്കാടംപൊയിൽ കുരിശ് അവഹേളനവും ആയി ബന്ധപ്പെട്ട് ആയിരു

ന്നു എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നത്. രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും സംഭവത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

നവംബർ 18ന് ഗൂഗിൾ മീറ്റിലൂടെ നടന്ന എക്സിക്യൂട്ടീവ് യോഗത്തിൽ ഇതുവരെ നടന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിലയിരുത്തലുകൾ നടത്തി.ഡിസംബർ മാസത്തിലെ പ്രവർത്തനങ്ങളെ കുറിച്ചുള്ള കൂടിയാലോചനകളും നടന്നു.

## മരിയൻ ക്വിസ്

അമ്മയെ അറിഞ്ഞ് അമ്മയോടൊപ്പം ഒരു തീർത്ഥയാത്ര മരിയൻ ക്വിസിന്റെ പരിസമാപ്തി നവംബർ ഏഴാം തിയ്യതി നടന്ന ഫൈനൽ മത്സരത്തോടെ പൂർത്തീകരിച്ചു.

മരിയൻ ക്വിസ് ഫൈനൽറൗണ്ട് ഉദ്ഘാടനം ചെയ്തത് സീറോ മലബാർ മാതൃവേദി ഇന്റർനാഷണൽ സെക്രട്ടറി ശ്രീമതി റോസിലി പോൾ തട്ടിൽ ആയിരുന്നു. ശ്രീമതി ദീപ റെജി അധ്യക്ഷം വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ സെക്രട്ടറി ശ്രീമതി ഷാനി സണ്ണി സ്വാഗതമാശംസിച്ചു. ക്വിസ് മാസ്റ്റർ ബർണാഡ് ജോസ്, മത്സരാർത്ഥികൾ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. ഫ.തോമസ് മലപ്രവനാൽ, സി. ഫിലോ, ട്രീസ സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി. ആറു പേരാണ് ഫൈനൽ റൗണ്ടിലേക്ക് എത്തിയത്.

## ഒന്നാം സ്ഥാനം

റോഷ്നി അഭിലാഷ് തടത്തിൽ, തലയാട്

രണ്ടാം സ്ഥാനം നിമ്മി ഷാജി വടക്കേപറമ്പിൽ, കുന്നമംഗലം.

മൂന്നാംസ്ഥാനം ലിസി ജോസ് മുട്ടത്തുകുന്നേൽ, കുണ്ടുതോട്.

## പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ

ലൂസി ആന്റണി മഞ്ഞകുന്നേൽ, മുക്കം

വത്സമ്മ ഫ്രാൻസിസ് കൊട്ടാരത്തിൽ, തിരുവമ്പാടി

ജിൻസി അബ്രഹാം പുതിയാപറമ്പിൽ, മഞ്ചേരി

വിജയികൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

വിജയികൾക്ക് ക്യാഷ് അവാർഡുകൾ നൽകി.

## ലിനി ബിജു ചികിത്സാ സഹായ പദ്ധതി

മരുതോങ്കര ഇടവകയിലെ ലിനി ബിജുവിന്റെ ചികിത്സാ സഹായത്തിനായി രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് അമ്മമാർ സമാഹരിച്ച തുകകൾ മരുതോങ്കര ഇടവകയുടെ നേതൃത്വത്തിലുള്ള ചികിത്സാസഹായ പദ്ധതിയിലേക്ക് കൈമാറി

## ആശാകിരണം സ്തനാർബുദ വിവരശേഖരണം

COD യുടെ നേതൃത്വത്തിൽ നടന്ന ആശാകിരണം സ്തനാർബുദ വിവരശേഖരത്തിൽ രൂപതയിലെ വിവിധ ഇടവകകളിലെ അമ്മമാർ പങ്കെടുത്തു.

## ന്യൂനപക്ഷ അവകാശങ്ങൾ

ആൽഫ മരിയ അക്കാദമിയുടെ ന്യൂനപക്ഷ അവകാശങ്ങളും തൊഴിൽ സാധ്യതകളും എന്ന വിഷയത്തിൽ നടന്ന വെബിനാറിലും ഹെൽപ്പ് ഡെസ്ക് ഉദ്ഘാടനത്തിനും രൂപത എക്സിക്യൂട്ടീവ് അംഗവും ഇന്റർനാഷണൽ മാതൃവേദി സെനറ്റ് അംഗവുമായ ട്രീസ സെബാസ്റ്റ്യൻ പങ്കെടുത്ത് സംസാരിച്ചു.

## ദീപിക ദിനപത്രം

പുതുപ്പാടി ഇടവകയിലെ മാതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ പുതുപ്പാടി പഞ്ചായത്ത് ഓഫീസിലും, പ്രൈമറി ഹെൽത്ത് സെന്ററിലും ദീപിക ദിനപത്രം ഇടുവാനുള്ള പദ്ധതി ആവിഷ്കരിച്ചു.

## പഞ്ചായത്ത് രാജ് ഇലക്ഷൻ

ഇപ്പോൾ നടക്കുന്ന ത്രിതല പഞ്ചായത്ത് ഇലക്ഷനിലേക്കും കോർപ്പറേഷൻ മുൻസിപ്പാലിറ്റി ഇലക്ഷനിലേക്കും പരമാവധി അമ്മമാരെ സ്ഥാനാർഥികൾ ആക്കുന്നതിൽ മാതൃവേദിയുടെ ശക്തമായ പിന്തുണയുംപ്രോത്സാഹനവും ഉണ്ടായിരുന്നു. കക്ഷി രാഷ്ട്രീയഭേദമന്യേ അമ്മമാർക്ക് വേണ്ടപിന്തുണയും പ്രോത്സാഹനവും അതത് ഇടവക മാതൃവേദികൾ നൽ കിവരുന്നു.

## ഇടവക തല പ്രവർത്തനങ്ങൾ

ഒക്ടോബർ മാസത്തിൽ എല്ലാ ഇടവകകളിലും അവിടുത്തെ മാതൃവേദി യൂണിറ്റുകളുടെ നേതൃത്വത്തിൽ ജപമാലയും, ബൈബിൾ വായനയും, കാരുണ്യ പ്രവർത്തികളും നടത്തി. മിക്ക ഇടവകകളിലും 24 മണിക്കൂർ നീണ്ട അഖണ്ഡ ജപമാലയും ഒരു മാസം മുഴുവൻ നീണ്ടുനിൽക്കുന്ന ജപമാല യജ്ഞവും നടത്തി. നവംബർ മാസത്തിൽ സെമിത്തേരികൾ വൃത്തിയാക്കുകയും കുരിശുകൾ വൃത്തിയാക്കുകയും ചെയ്തു.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
**ഡയറക്ടർ, സീറോ മലബാർ മാതൃവേദി**

# കുടുംബകൂട്ടായ്മ

## കുടുംബ സംഗമം ആയി ഇടയനോടൊപ്പം ഇടവക - കുറ്റിപ്പുറം ഇടവക

താമരശ്ശേരി രൂപത കുടുംബ കൂട്ടായ്മയുടെ ഇടയനോടൊപ്പം ഇടവക എന്ന ഓൺലൈൻ കുടുംബ കൂട്ടായ്മ സംഗമം വിശ്വാസികളുടെ കുടുംബ സംഗമം ആയി. കുറ്റിപ്പുറം ഇടവകയിൽ നടന്ന പരിപാടിയിൽ 1.45 മണിക്കൂർ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. ഒരോ കുടുംബത്തെയും പിതാവ് പരിചയപ്പെടുകയും അവരോട് സംസാരിക്കുകയും ചെയ്തത് വേറിട്ട അനുഭവം ആയിരുന്നു.

പ്രാർത്ഥനയാകുന്ന മാസ്ക് ധരിച്ച് സാമൂഹിക വിപത്തുകളിൽ നിന്ന് രക്ഷപ്പെടണമെന്നും, സോപ്പും വെള്ളവും ഉപയോഗിച്ച് കൈകഴുകുന്നതു പോലെ കൂദാശകളിലൂടെ ജീവിതത്തെ കഴുകി വിശുദ്ധി പ്രാപിക്കണമെന്നും, സാമൂഹിക തിന്മകളിൽ നിന്ന് അകലം പാലിക്കണമെന്നും പിതാവ് ഉദ്ബോധിപ്പിച്ചു.

ഇടവകാ വികാരി ഫാ. ജിജോ മലപ്രവനാൽ, അസി. ഡയറക്ടർ, ഫാ. മാത്യു കോട്ടക്കൽ, ഫാ. ജോമോൻ പാട്ടശ്ശേരി എന്നിവർ പ്രസംഗിച്ചു. പാട്ടും അനുഭവ വിവരണവുമായി ഏറെ ഹൃദ്യമായ സംഗമം ആയിരുന്നു ഇത്.

## പനംപിലാവ് ഇടവക

പനംപിലാവ് ഇടവകയിൽ നടന്ന ഇടയനോടൊപ്പം ഇടവക ഗൂഗിൾ മീറ്റ് ശ്രദ്ധേയമായി. അഭിവന്ദ്യ പിതാവും ഇടവക വികാരി ബഹു.ജോജോ ഇടകാട്ടിൽ അച്ചനും, അസി.ഡയറക്ടർ മാത്യു കോട്ടക്കൽ അച്ചനും പങ്കെടുത്തു. രൂപത പ്രസിഡന്റ് തോമസ് വലിയപറമ്പൻ പ്രസംഗിച്ചു. കോവിഡ് കാലത്തെ പ്രതിസന്ധികളും പ്രശ്നങ്ങളും പ്രത്യാശയുടെ അടിസ്ഥാനത്തിൽ തരണം ചെയ്യണമെന്ന് പിതാവ് സൂചിപ്പിച്ചു. പിതാവിനോട് ആശങ്കകൾ പങ്കുവയ്ക്കാനും പിതാവിന്റെ അനുഭവങ്ങൾ കേൾക്കാനും അവസരം ലഭിച്ച നല്ല ഒരു കൂട്ടായ്മ ആണ് നടന്നത്.

## കുണ്ടായിത്തോട് ഇടവക

കുണ്ടായിതോട് ഇടവകയിൽ നടന്ന ഇടയനോടൊപ്പം ഇടവക പരിപാടി അഭിവന്ദ്യ പിതാവിന്റെ സജീവ സാന്നിധ്യം കൊണ്ട് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. രണ്ട് മണിക്കൂർ പിതാവ് ഈ പരിപാടിയിൽ പങ്കെടുത്തു. കോവിഡ് കാലത്തെ പ്രതിസന്ധികളിൽ വലിയ പ്രത്യാശയായി പിതാവിന്റെ വാക്കുകൾ ഓരോ കുടുംബത്തിലേക്കും എത്തുന്നതായിരുന്നു ഈ ഗൂഗിൾ മീറ്റ് . ഇടവകാ വികാരി ഫാ. തോമസ് കോളങ്ങായിൽ OFM Cap അസി. ഡയറക്ടർ മാത്യു അച്ചൻ, രൂപത പ്രസിഡന്റ് തോമസ് വലിയപറമ്പൻ, സെക്രട്ടറി സണ്ണി കുഴമ്പാല എന്നിവർ പങ്കെടുത്തു.

## കാരുണ്യ ജീവനം

ക്രിസ്മസ്സ് പങ്കുവയ്ക്കലിന്റെ സന്തോഷ വേളകൾ ആകണം എന്ന ചിന്തയോടെ കുടുംബകൂട്ടായ്മ രൂപത സമിതി രൂപം കൊടുത്ത കർമ്മ പദ്ധതി ആണ് കാരുണ്യ ജീവനം. ഓരോ കുടുംബ യൂണിറ്റുകൾക്കും നോമ്പിന്റെ ചൈതന്യം പങ്വയ്ക്കലിലൂടെ കൈമാറാൻ കഴിയണം. അർഹത ഉള്ളവരിലേക്ക് സഹായം എത്തുമ്പോഴാണ് അവർക്കും ക്രിസ്മസ് പ്രത്യാശയും സന്തോഷവും ഉള്ളതാകുന്നത്.

സമീപത്തുള്ള അഗതി മന്ദിരങ്ങളിലും, വൃദ്ധ സദനങ്ങളിലും, അർഹരായ കുടുംബങ്ങളിലും ഈ മാസം സഹായം എത്തിക്കണം. തോർത്ത്, ലുങ്കി, നൈറ്റി , ഷർട്ട്, സാരി, സോപ്പ്, പൗഡർ, പെയ്സ്റ്റ് തുടങ്ങിയവ ഇതിനു വേണ്ടി പരിഗണിക്കുന്നത് നന്നായിരിക്കും. അരിയും മറ്റ് സാധനങ്ങളും ഇപ്പോൾ സൗജന്യമായി ലഭിക്കുന്നുണ്ടല്ലോ. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഇടവകാതലത്തിലോ യൂണിറ്റ് തലത്തിലോ ഈ പരിപാടി സംഘടിപ്പിക്കാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, കുടുംബകൂട്ടായ്മ



# നവസന്യാസിനികൾക്ക്



സി. ബിന്റോ റോസ് FCC



സി. എമിലിൻ മരിയ FCC



സി. ജൂവൽ മരിയ FCC



സി. മാർട്ടിന ജോസ് FCC



സി. കനിക FCC



സി. ആൻ മരിയ ടോം MSMI



സി. ധന്യ ചാക്കോ MSMI



സി. ദിലീന ആന്റണി MSMI



സി. എലിസബത്ത് ബാബു MSMI

## താമരശ്ശേരി രൂപതയുടെ പ്രാർത്ഥനാമംഗളങ്ങൾ

# കരിസ്മാറ്റിക് മൂവ്മെന്റ്

ഗൂഗിൾ മീറ്റിലൂടെ താമരശ്ശേരി, കോഴിക്കോട് സബ്സോൺ സർവ്വീസ് ടീം അംഗങ്ങൾ ഡിസംബർ 22 നും, 26 നും കൂടി പ്രാർത്ഥിക്കാനും പ്രവർത്തനങ്ങൾ വിലയിരുത്താനും സാധിച്ചു.

29-10 20 ന് ബഹു. സൈമൺ വള്ളോപ്പിള്ളിയച്ചന്റെ നേതൃത്വത്തിൽ കോഴിക്കോട് സോണൽ കോർഗ്രൂപ്പ് കൂടി ഒക്ടോബർ 31 ന്റെ അഖണ്ഡജപമാല സമർപ്പണത്തിനായി ഒരുങ്ങി.

31.10.20 ന് വൈകുന്നേരം ആറരയ്ക്ക് സോണൽ കോർഡിനേറ്റർ ജോൺസൺ തുണ്ടത്തിൽ സാർ അഖണ്ഡജപമാല സമർപ്പണത്തിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്തു. ഒക്ടോബർ മാസത്തിലെ 31 ദിവസവും ഇടമുറിയാതെ ജപമാല ചൊല്ലി സഭയ്ക്കുവേണ്ടിയും യുവജനങ്ങൾക്കും, കുട്ടികൾക്കും, കുടുംബങ്ങൾക്കും, കാർഷിക മേഖലയിലെ തകർച്ച, ബഫർ സോൺ, സാമ്പത്തിക പ്രതിസന്ധി, കൊറോണ രോഗം, ഭരണാധികാരികൾ മാതൃരാജ്യം എന്നീ നിയോഗങ്ങൾക്കും വേണ്ടി പ്രാർത്ഥിച്ചു.

നവംബർ 6 ന് ദമ്പതികൂട്ടായ്മയുടെ സെൻട്രൽ ടീം ഒരുമിച്ചുകൂടി ഡിസംബർ 2 ന് സോണിലെ എല്ലാ ദമ്പതി കൂട്ടായ്മയേയും ഒരുമിച്ച് കൂടാൻ തീരുമാനിച്ചു. 6.11.20 ന് കൂരാച്ചുണ്ട് സബ്സോൺ ആനിമേറ്റർ ജയിംസ് വാമറ്റത്തിൽ അച്ചന്റെ നേതൃത്വത്തിൽ സർവ്വീസ് ടീം കൂടി പ്രവൃത്തനങ്ങൾക്ക് ഊർജ്ജം പകർന്നു.

എല്ലാ ശനിയാഴ്ചകളിലും വൈകിട്ട് 3 മുതൽ 4 വരെ കോഴിക്കോട് സോണൽ മദ്ധ്യസ്ഥ പ്രാർത്ഥന കോർഡിനേറ്ററുടെ നേതൃത്വത്തിൽ ഗൂഗിൾ മീറ്റിലൂടെ ഒരുമിച്ച് ചേർന്ന് മദ്ധ്യസ്ഥ്യ പ്രാർത്ഥന നടത്തുന്നു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ



# ഫ്രാൻസിസ്ക്കൻ അൽമായ സഭ താമരശ്ശേരി രൂപത

ഏവർക്കും സമാധാനവും സൗഭാഗ്യവും.

പ്രതീക്ഷ നഷ്ടപ്പെട്ടു പോയ ഒരു ജനതയ്ക്ക് പ്രതിസന്ധികളുടെയും പ്രതികൂലങ്ങളുടെയും നടുവിൽ പുൽക്കൂട്ടിൽ പിറന്ന ഉണ്ണിശോയുടെ അനുപമ ദർശനം പ്രതീക്ഷയുടെ കരുത്തുപകരും എന്ന് തിരിച്ചറിഞ്ഞ അസീസിയിലെ വിശുദ്ധ ഫ്രാൻസിസ് ചരിത്രത്തിലാദ്യമായി പുല്ക്കൂടിന്റെ മാതൃക സൃഷ്ടിച്ച് ആ ദിവ്യദർശനം ലോകത്തിന് സാധ്യമാക്കി. ഈ പിതാവിന്റെ നാമത്തിൽ ഏവർക്കും സമാഗതമാകുന്ന ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റയും മംഗളങ്ങൾ നേരുന്നു. ദൈവകൃപയാൽ ഈ ലോക് ഡൗൺ കാലഘട്ടത്തിലും നിരവധി ശുശ്രൂഷകളിൽ പങ്കാളികളായി അതിരൂപതയിലെ ഫ്രാൻസിസ്കൻ അല്മായ സഭാഗങ്ങൾ ആത്മീതലത്തിൽ വളരാനും കൂട്ടായ്മയിൽ ആയിരിക്കാനും സാധിച്ചു എന്നതിൽ വളരെ സന്തോഷമുണ്ട്

## നൂറു മണി ജപമാല

മാർച്ച് 26 തീയതി അതിരൂപതാ ആനിമേറ്റർ ഫാദർ ജോൺ ബോസ്കോ കപ്പൂച്ചിന്റ നിർദേശപ്രകാരം എല്ലാ അംഗങ്ങളും സ്വഭവനങ്ങളിൽ ആയിരുന്നു കൊണ്ട് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ നൂറു മണി ജപമാലയും കരുണകൊന്തയും ചൊല്ലി പ്രാർത്ഥിക്കുകയുണ്ടായി. കൊറോണയുടെ വ്യാപനം തടയുക, കുടുംബ വിശുദ്ധീകരണം, തിരുസഭ എന്നീ നിയോഗങ്ങൾ വച്ചു കൊണ്ടുള്ള പ്രാർത്ഥനാ ശുശ്രൂഷകളിൽ സഭാംഗങ്ങൾ ഒരേമനസോടെ പങ്കുചേർന്നു.

## അഖണ്ഡ ബൈബിൾ പാരായണം

ഫ്രാൻസിസ്കൻ അല്മായ സഭയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 15 മുതൽ ഒക്ടോബർ 15 വരെ നീണ്ടുനിന്ന അഖണ്ഡ ബൈബിൾ പാരായണം നടത്തുകയുണ്ടായി. സമ്പൂർണ്ണ ബൈബിൾ 60 ദിവസങ്ങൾ കൊണ്ട് വായിച്ചു തീർക്കുക എന്നതായിരുന്നു ലക്ഷ്യം. ഓരോ ദിവസവും വായിക്കേണ്ട ഭാഗങ്ങൾ കൃത്യമായി രേഖപ്പെടുത്തിയ ഒരു ചാർട്ട് തയ്യാറാക്കി എല്ലാ അംഗങ്ങൾക്കും എത്തിച്ചു നൽകി . കൂടാതെ വാട്സാപ്പിൽ ഉള്ള ഫോണുകളിലേക്ക് ഓരോ ദിവസവും വായിക്കേണ്ട ഭാഗം അയച്ചുകൊടുക്കുകയും ചെയ്തു. ഈ യജ്ഞത്തിൽ സഭാംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും സഭാംഗങ്ങൾ അല്ലാത്തവരും പങ്കെടുത്തു. കുടുംബങ്ങളുടെ വിശുദ്ധികരണം, വൈദികർക്ക് സന്യസ്തർക്കുവേണ്ടി, വ്യക്തിപരമായ നിയോഗങ്ങൾ എന്നീ നിയോഗങ്ങൾ വച്ചുകൊണ്ട് ബൈബിൾ പാരായണം പൂർത്തീകരിക്കുവാൻ ഫ്രാൻസിസ്കൻ സഭാംഗങ്ങൾക്ക് കഴിഞ്ഞു

## തിരുന്നാൾ ആഘോഷം

വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാൾ ദിനമായ ഒക്ടോബർ നാലാം തീയതി വളരെ ഭംഗിയായി ആചരിച്ചു. സഭാംഗങ്ങൾ ഒമ്പത് ദിവസത്തെ നൊവേന ചൊല്ലി പ്രാർത്ഥിക്കുകയും തിരുന്നാൾ ദിവസം വി. ബലിയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുകയും ചെയ്തു.

## ജപമാലയജ്ഞം

ഫ്രാൻസിസ്കൻ അല്മായ സഭ അതിരൂപതാ നേതൃത്വത്തിൽ ഒക്ടോബർ ഒന്നാം തീയതി മുതൽ മുപ്പതാം തീയതി വരെ നീണ്ടുനിന്ന ജപമാല യജ്ഞം നടത്തുകയുണ്ടായി ഇതിൽ പങ്കാളികളായവർ ഓരോ ആഴ്ചയും അവർക്ക് സാധിക്കുന്ന അത്രയും ജപമാല ചൊല്ലുകയും അതിന്റെ കണക്കുകൾ റീജിയണൽ ഭാരവാഹികളെ ഏൽപിക്കുകയും ചെയ്തു. കുടുംബ വിശുദ്ധീകരണം, യുവജനങ്ങൾ, കൊറോണ വൈറസിൽ നിന്നുള്ള മോചനം, തിരുസഭ, ഫ്രാൻസിസ്കൻ അല്മായ സഭ എന്നീ നിയോഗങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചു.

## സുവിശേഷ രചനോത്സവം

ക്രിസ്മസിന് വ്യത്യസ്തമായൊരു സമ്മാനം ഉണ്ണിശോയ്ക്കു കൊടുക്കുക എന്ന ലക്ഷ്യത്തോടെ ഫ്രാൻസിസ്കൻ അല്മായ സഭയുടെ നേതൃത്വത്തിൽ സുവിശേഷ രചനോത്സവം നടത്തിവരുന്നു. വിശുദ്ധ മത്തായിയുടെ സുവിശേഷം ഒന്നാം അധ്യായം മുതൽ 28 അധ്യായം വരെ സ്വന്തം കൈപ്പടയിൽ എഴുതി തിരുത്തലുകൾ ഇല്ലാതെ മനോഹരമായ കവർ പേജോടെ പിൻ ചെയ്ത് ഡിസംബർ 25ന് മുമ്പായി പൂർത്തീകരിച്ച് ഉണ്ണീശോയ്ക്ക് സമർപ്പിക്കാവുന്നതാണ്.

ഒരിക്കൽ കൂടി എല്ലാവർക്കും പിറവിത്തിരുന്നാളിന്റെയും പുതുവത്സരത്തിന്റെയും ആശംസകളും പ്രാർത്ഥനകളും നേർന്നുകൊണ്ട്

**ഫാ. ജോൺ ബോസ്കോ കപ്പൂച്ചിൻ**
താമരശ്ശേരി രൂപത, ആത്മീയ സഹായി



# അൽഫോൻസ കോളേജ് തിരുവമ്പാടി

അൽഫോൻസ കോളേജിൽ എം.എ ഇംഗ്ലീഷ് ബിരുദാനന്തരബിരുദ കോഴ്സ് ആരംഭിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അഫീലിയേഷനോടുകൂടിയുള്ള ഈ കോഴ്സിലേക്ക് അഡ്മിഷൻ തുടങ്ങി. കോഴ്സിന് അർഹരായ വിദ്യാർത്ഥികൾക്ക് കോളേജ് ഓഫീസിൽ നേരിട്ട് അപേക്ഷ നൽകാം. മുഴുവൻ സീറ്റുകളിലും യൂണിവേഴ്സിറ്റി മാനദണ്ഡമനുസരിച്ചായിരിക്കുംപ്രവേശനം നടത്തുന്നത്.

നിലവിലുള്ള എം.കോം ഫിനാൻസ്, ബിഎസ്സി സൈക്കോളജി, ബികോം കമ്പ്യൂട്ടർ അപ്ളിക്കേഷൻ, ബികോം ഫിനാൻസ് എന്നീ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കും അഡ്മിഷൻ ലഭ്യമാണ്. വിവരങ്ങൾക്ക് 04952254055, 9846840272, 8606890272.

### ജീസസ്‌യൂത്ത്

ഡെയ്‌ലിപ്രയർ പുതിയ നിയോഗങ്ങൾ ചേർത്തുവെച്ച് എല്ലാ ദിവസവും രാവിലെ വാട്സാപ്പ് ഗ്രൂപ്പിൽ സന്ദേശങ്ങൾ പോസ്റ്റ് ചെയ്യുകയുംജീസസ് യൂത്ത് അംഗങ്ങൾ പ്രാർത്ഥനയിൽ പങ്കെടുക്കുകയും ചെയ്യുന്നു.

### FOURNAISE ARDENTE

ജീസസ് യൂത്ത് കോഴിക്കോട് ക്യാമ്പസ് മിനിസ്ട്രിയോടുചേർന്ന് ഇന്റർസെഷൻ പ്രോഗ്രാം നടത്തി. നവംബർ 11-ാം തിയതി വൈകുന്നേരം 6 മണി മുതൽ 6.30 വരെപ്രോഗ്രാം നടന്നത്. ജീസ് യൂത്ത് അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി.

### ഇൻറർസെഷൻ വീക്ക് (നവംബർ 8-14)

ജീസസ് യൂത്ത് കേരള ക്യാമ്പസ് മിനിസ്ട്രിയോട് ചേർന്ന് അൽഫോൻസ കോളേജ് ജീസസ് യൂത്ത് അംഗങ്ങളും ഇന്റർസെഷൻ വീക് പ്രോഗ്രാമിൽ പങ്ചേർന്നു. November 8 മുതൽ 14 വരെയുള്ള ഇന്റർസെഷനിൽ ഓരോ ദിവസവും ഓരോ വിശുദ്ധനെ പരിചയപ്പെടൽ, പുതിയ ആക്റ്റിവിറ്റികൾ എന്നിവയിൽ ജീസസ് യൂത്ത് അംഗങ്ങൾ പങ്കെടുത്തു.

### അലേത്തെയിയ 2020

തിരുവമ്പാടി അൽഫോൻസാ കോളേജിൽ ഈ വർഷം ഡിഗ്രി പഠനം ആരംഭിച്ച വിദ്യാർഥികൾക്കായി അലേത്തെയിയ 2020 എന്നപേരിൽനവംബർ 9-ാം തിയ്യതി ഇൻഡക്ഷൻ പ്രോഗ്രാം നടത്തി. വിദ്യാർത്ഥികളുംഅവരുടെ മാതാപിതാക്കളും അധ്യാപകരും ഒരുമിച്ചുചേർന്ന ഓൺലൈൻ വേദിയിൽ, കേരള സ്റ്റേറ്റ് മാനേജ്

മെൻറ് ഡയറക്ടറും കേരളത്തിന്റെ മുൻചീഫ്സെക്രട്ടറിയും കോഴിക്കോട് മുൻ കലക്ടറും തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയുടെ ആദ്യ വൈസ്ചാൻസലറുമായിരുന്ന ജയകുമാർ ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തി. വിദ്യാഭ്യാസം ഒരു യാത്രയും തുടരന്വേഷണവുമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഗൂഗിൾമീറ്റ് വഴിനടത്തപ്പെട്ട സംഗമത്തിന് കോളേജ് വൈസ് പ്രിൻസിപ്പൽ ഫാ. ഷെനീഷ് അഗസ്റ്റിൻ സ്വാഗതം പറഞ്ഞു. കോളേജ് മാനേജർ ഫാ. സ്കറിയ മങ്ങരയിൽ , കോളജ് പ്രിൻസിപ്പൽ ചാക്കോ കെ.വി. ഐ.ക്യൂ.എ. സി കോഡിനേറ്റർ ഫാ. ജിയോ മാത്യു, പിറ്റിഎ വൈസ് പ്രസിഡൻറ് അഡ്വ. സുരേഷ് ബാബു, സ്റ്റാഫ് സെക്രട്ടറി മി. സെബാസ്റ്റ്യൻ എം.സി, സ്റ്റാഫ് അംഗങ്ങളായ മി. ബർണാഡ് ജോസ്, മിസ്.ദീപാ ഡൊമിനിക്, കോളേജ് യൂണിയൻ പ്രതിനിധി മി. ബസലേൽ സുഗത് എന്നിവർ പ്രസംഗിച്ചു.

### വെബിനാർ നടത്തി

അൽഫോൻസ കോളേജ് കൊമേഴ്സ് ബിരുദാനന്ത ബിരുദവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കൊമേഴ്സ് വിദ്യാർത്ഥികൾക്കായി Business Research Methodology എന്ന വിഷയത്തെ ആസ്പദമാക്കി നവംബർ 20 ന് വെബിനാർ നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ. ചാക്കോ കെ.വി. വെബിനാർ ഉദ്ഘാടനം ചെയ്തു. കോടഞ്ചേരി ഗവൺമെന്റ് കോളേജ് കൊമേഴ്സ് വിഭാഗം മേധാവി ഡോ. മോഹൻദാസ് വിഷയാവതരണം നടത്തി. ശ്രീ. ഡിയോൺ ബബ്‌ലു സ്വാഗതവും കൊമേഴ്സ് വിഭാഗം മേധാവി സാനി തോമസ് ആശംസയും അജയ് മാനുവൽ നന്ദി പറഞ്ഞു. നൂറിലധികം ആളുകൾ പങ്കെടുത്തു.

ദേശീയ ക്യാൻസർ ബോധവത്കരണ ദിനത്തോടനുബന്ധിച്ച് നവംബർ 7-ാം തിയ്യതി ക്യാൻസർ രോഗത്തിന്റെ മാനസികസാമൂഹിക വശത്തെക്കുറിച്ച് രണ്ടാംവർഷ സൈക്കോളജി വിദ്യാർത്ഥി അഖിൽ മുഹമ്മദ് സോഷ്യൽമീഡിയവഴി സന്ദേശം നൽകി.

തലോർ ജീസസ് അക്കാഡമി CBSE സ്ക്കൂളിലെ അധ്യാപിക മിസ് ലിജി ജോസ് ക്യാൻസർ രോഗത്തെ അതിജീവിച്ചതിനെക്കുറിച്ച് സ്വാനുഭവം പങ്കുവച്ചു.

സൈക്കോളജി എന്ന പഠന വിഭാഗത്തിന്റെ സാധ്യതകളെക്കുറിച്ച് കൊച്ചി, റെനൈ മെഡിസിറ്റിയിലെ ക്ലിനിക്കൽ സൈക്കോളിസ്റ്റ് മിസ് ഗിൽന കെ.ഗോപിനാഥൻ വെബിനാർ നടത്തി. ജോലി മേഖലയിലും ജീവിതത്തിലും വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വളർത്തുവാനും അവരെ പ്രചോദിപ്പിക്കുന്നതിനുമായി പ്രശസ്ത മനശാസ്ത്രജ്ഞരുടെ ഉദ്ധരണികൾ Monday Motivations എന്ന പേരിൽ തിങ്കളാഴ്ച ദിവസങ്ങളിൽ സോഷ്യൽമീഡിയയിലുടെ പ്രചരിച്ചുവരുന്നു.

ദേശീയ അപസ്മാര ദിനത്തോടനുബന്ധിച്ച് നവംബർ 17-ാം തിയ്യതി ഒരു ബോധവത്കരണ സന്ദേശം പോസറ്ററുകളിലൂടെ പ്രചരിപ്പിച്ചു.

## പ്രോജക്ട് ഓറിയന്റേഷൻ വർക്ക്ഷോപ്പ് നടത്തി

അൽഫോൻസ കോളേജിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഇംഗ്ലീഷിൽ അഞ്ചാംസെമസ്റ്റർ വിദ്യാർത്ഥികൾക്കായി പ്രോജക്ട് ഓറിയന്റേഷൻ വർക്ക്ഷോപ്പ് നടത്തി. നവംബർ 3,4 തീയതികളിൽ നടന്നപ്രോഗ്രാമിൽ ഇതേ ഡിപ്പാർട്ട്മെന്റിലെ ഫാ. ജോർജ് മാത്യു (അസി. പ്രഫസർ), ഫാ. ജിയോ മാത്യു (അസി. പ്രഫസർ) എന്നിവർ ക്ലാസ്സുകൾ നയിച്ചു. ആറാം സെമസ്റ്ററിൽ വിദ്യാർത്ഥികൾ സബ്മിറ്റ്ചെയ്യേണ്ട പ്രോജക്ടുമായി ബന്ധപ്പെട്ട മാർഗ്ഗനിർദേശങ്ങളും നിബന്ധനകളും ഇതുവഴി ഉൾകൊള്ളിച്ചാണ് ക്ലാസ്സുകൾ എടുത്തത്. ഗൂഗിൾമീറ്റ്വഴി നടന്ന വർക്ക്ഷോപ്പിൽ മുഴുവൻ വിദ്യാർഥികളുംപങ്കെടുത്തു.

## കുട്ടികൾക്ക് ഫോൺ കൗൺസിലിംങ്

അൽഫോൻസ കോളേജ് മന:ശാസ്ത്രവിഭാഗം ശിശുദിനത്തോടനുബന്ധിച്ച് 'കിളിക്കൂട്' എന്നപേരിൽ കോവിഡ് കാലത്ത് മാനസിക സംഘർഷങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്കായി സൗജന്യ ടെലികൗൺസലിംഗ് സേവനമാരംഭിച്ചു. ഓൺലൈൻ ക്ലാസുമായി ബന്ധപ്പെട്ട മാനസിക സംഘർഷങ്ങൾ, മൊബൈൽ ആസക്തി, കുട്ടികളിലെ ഉത്കണ്ഠ, വിഷാദം തുടങ്ങിയ എല്ലാ പ്രശ്നങ്ങൾക്കും സൗജന്യസേവനം (വെള്ളി 5 pm മുതൽ 7 pm) ഉപയോഗപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക. ഡോ. ഗിതിൻ വി.ജി. 9567774405.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## കൗൺസിലിംഗ്

കോവിഡ് 19 ന്റെ വ്യാപനം നിയന്ത്രണത്തിലാകാത്തതിനാൽ കൗൺസിലിംഗ് നടത്തുന്നില്ല. വളരെ അത്യാവശ്യഘട്ടത്തിൽ ഓൺലൈൻ കൗൺസിലിംഗ് നടത്തുന്നു.

## ഡിപ്ലോമ കോഴ്സുകൾ

ഡിപ്ലോമ, പി.ജി. ഡിപ്ലോമ ഓൺലൈൻ ക്ലാസുകൾ, ഗ്രൂപ്പ് പഠനം, പ്രൊജക്ട് വർക്കുകൾ മുടക്കം കൂടാതെ നടക്കുന്നു.

### എം.എസ്.സി. കോഴ്സുകൾ

എം.എസ്.സി ഒന്നും രണ്ടും ബാച്ചുകളുടെ ഓൺലൈൻ ക്ലാസുകൾ മുടക്കം കൂടാതെ നടക്കുന്നു. മറ്റു ഓൺലൈൻ പ്രോഗ്രാമുകൾ

- Enpowerment – അധ്യാപകർക്കും
- Ongoing training – സിസ്റ്റേഴ്സിനും നടത്തുന്നു.

### FRATELLI TUTTI

Chair for christian Studies and Research ന്റെ ആഭിമുഖ്യത്തിൽ 'ഫ്രത്തെല്ലി തൂത്തി' എന്ന ചാക്രികലേഖനത്തെ ആസ്പദമാക്കി സംഘടിപ്പിച്ച വെബിനാർ വഴി ധാരാളം ജെ.പി.ഐ വിദ്യാർത്ഥികൾക്ക് മാർപാപ്പയുടെ പുതിയ ചാക്രികലേഖനത്തെക്കുറിച്ച് അറിവ് നേടാനായി.

**ഫാ. കുര്യൻ പുരമഠത്തിൽ**

ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## സ്റ്റാർട്ട്

### സ്റ്റാർട്ട് MTC Online Course

ഈ വർഷം കോവിഡ് 19 കാരണം സ്റ്റാർട്ടിൽ താമസിച്ചുള്ള പരിശീലനം പ്രതിസന്ധിയിലായെങ്കിലും online ആയി നമ്മുടെ ഏകവത്സര ഉന്നതവിദ്യാഭ്യാസ പരിശീലനം വിജയകരമായി മുന്നോട്ടുപോകുന്നുണ്ട്. START Website വഴി ക്ലാസ്സുകളും ഹോം വർക്കുകളും പരീക്ഷകളും നൽകുന്നതോടൊപ്പം ടെലഫോൺ വഴിയും ഗൂഗിൾമീറ്റ് വഴിയും ആശയവിനിമയം നടത്താറുണ്ട്. ആവശ്യമായ കരിയർ ഗൈഡൻസും നൽകുന്നുണ്ട്.

### Online Entrance Coaching for Post-Graduation (English)ആരംഭിച്ചു

EFLU, JNU, Delhi University, Hyderabad, Pondicherry, CUCET, a-äp- Central University കൾ എന്നിവിടങ്ങളിലേക്ക് PG ഇംഗ്ലീഷ് അഡ്മിഷനുവേണ്ടി START ൽ 2021 ഏപ്രിൽ 30 വരെനീണ്ടുനിൽക്കുന്ന ആറുമാസ Online English Entrance Coaching 2020 നവംബർ ഒന്നുമുതൽ ആരംഭിച്ചു. ഈ വർഷം ഡിഗ്രി മൂന്നാംവർഷം പഠിക്കുന്നവർക്കും ഡിഗ്രികഴിഞ്ഞവർക്കുംവേണ്ടിയാണ് ഇത് നടത്തപ്പെടുന്നത്.

### Mini Master Online Course

ഓഗസ്റ്റ് ഒന്നുമുതൽ ആരംഭിച്ച മിനിമാസ്റ്റർ e-learning കോഴ്സിന്റെ കാലാ

വധി നേരത്തെ അറിയിച്ചതനുസരിച്ചു ഒക്ടോബർ 31ന് അവസാനിച്ചു. കോവിഡ് അപ്രതീക്ഷിതമായി നീണ്ടുപോകുന്നതുകൊണ്ട് പങ്കെടുത്ത കുട്ടികളുടെ മാതാപിതാക്കളുടെ നിർദേശപ്രകാരം ഈ കോഴ്സിന്റെ ഒരു അഡ്വാൻസ്ഡ് ലെവൽ കോഴ്സ് നവംബർ 15 മുതൽ ആരംഭിച്ചു. 2021 ജനുവരി 15 വരെയാണ് നടത്താൻ നിശ്ചയിച്ചിരിക്കുന്നത്. ഇംഗ്ലീഷ്, ലോജിക്കൽ റീസണിങ് എന്നിവയാണ് പാഠ്യവിഷയങ്ങളായി ഉണ്ടാവുക.

## ഓൺലൈൻ ഇംഗ്ലീഷ് ഗ്രാമർ കോഴ്സ്

2021 ജനുവരി 1 മുതൽ ഏപ്രിൽ 30 വരെ 4 മാസം ദീർഘിക്കുന്ന ഇംഗ്ലീഷ് ഗ്രാമർ കോഴ്സ് ഓൺലൈനായി സ്റ്റാർട്ടിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു.

നമ്മുടെ കോർപ്പറേറ്റ് സ്കൂളുകളിലും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും പഠിപ്പിക്കുന്ന അധ്യാപകർ, ഡിഗ്രി, പിജി എന്നിവയ്ക്ക് പഠിക്കുന്നവരും പഠനശേഷം ജോലിക്ക് ശ്രമിക്കുന്നവരുമായ യുവജനങ്ങൾ, വിവിധ മത്സരപരീക്ഷകൾക്കൊരുങ്ങിക്കൊണ്ടിരിക്കുന്നവർ, തങ്ങളുടെ ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്ന മറ്റുള്ളവർ എന്നിവർക്കെല്ലാം അപേക്ഷിക്കാം.

ഇംഗ്ലീഷ് ഭാഷ പറയേണ്ടിവരുമ്പോഴും പഠിപ്പിക്കേണ്ടിവരുമ്പോഴും തെറ്റുവരുമോ എന്ന ഭയം നമ്മിൽ പലർക്കുമുണ്ട്. ഗ്രാമറിന്റെ കുറവുകൊണ്ട് പല മത്സരപരീക്ഷകൾക്കും പരാജയപ്പെടുന്നവരുമുണ്ട്. ഇവർക്കെല്ലാം ഈ ക്ലാസ്സുകൾ ഉപകാരപ്പെടും. ഓൺലൈനായി നൽകപ്പെടുന്നുവെങ്കിലും നിങ്ങൾക്ക് സൗകര്യപ്രദമായ സമയത്തു ക്ലാസ്സുകളിൽ പങ്കെടുക്കാം എന്നുള്ളത് ഈ കോഴ്സിന്റെ പ്രത്യേകതയാണ്. കൂടാതെ എല്ലാ മത്സരപരീക്ഷകൾക്കും നിർബന്ധിത വിഷയമായ ലോജിക്കൽ റീസണിങ് ഈ വിഷയത്തിൽ താല്പര്യമുള്ളവർക്കുവേണ്ടി ഉൾപ്പെടുത്തുന്നുണ്ട്.

താല്പര്യമുള്ളവർ ഡിസംബർ 15 മുമ്പായി സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുകയോ 8590468035 എന്ന വാട്സ്ആപ്പ് നമ്പറിൽ മെസ്സേജ് അയക്കുകയോചെയ്യുക. ഫോൺ നമ്പർ 0495 2357843.e-mail: startindia@gmail.com

**ഫാ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്



# വികസനവേദി

### ശ്വാസകോശ അർബുദ അവബോധ മാസം

നവംബർമാസം ശ്വാസകോശ അർബുദഅവബോധ മാസമായി ആചരിച്ചു. അതിന്റെ ഭാഗമായി വിവിധ ഗ്രാമവികസനസമിതി (GVS)കളുടെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസുകൾ നടത്തുകയും ശ്വാസകോശ അർബുദം തടയുന്നതിനാവശ്യമായ മുൻകരുതലുകളെക്കുറിച്ചുള്ള സന്ദേശം പൊതുജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്തു.

### സ്തനാർബുദ അവബോധസർവ്വേ ഫോറം

ആശാകിരണത്തിന്റെ ഭാഗമായി കാരിത്താസ ്ഇന്ത്യ ഓൺലൈൻ ആയി നടപ്പിലാക്കിയ ബ്രെസ്റ്റ് ക്യാൻസർ സർവ്വേ ഫോറം COD യുടെ നേതൃത്വത്തിൽ രൂപതയിലെ വിവിധ ഇടവകകൾ തോറും പ്രചരിപ്പിക്കുകയും 18 വയസുമുതൽ 55 വയസ്സുവരെയുള്ള പരമാവധി സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടു അവരിലേക്ക് സ്തനാർബുദ സാധ്യതകളെപ്പറ്റിയുള്ള പൊതുധാരണ സൃഷ്ടിക്കുകയും ചെയ്തു.

### ഭക്ഷ്യ സുരക്ഷാ പദ്ധതി

ആശാകിരണം ക്യാൻസർ കെയർ ക്യാമ്പയിന്റെ ഭാഗമായി സെന്റർ ഫോർ ഓവറോൾ ഡെവലപ്മെന്റ് (COD) താമരശ്ശേരിയുടെ നേതൃത്വത്തിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി 3000 ഗ്രോ ബാഗുകളും പച്ചക്കറിവിത്തുകളും വിതരണം ചെയ്തു. CODഡയറക്ടർ ഫാ . ബിജോ അബ്രഹാം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

### നബാർഡ് ഓൺലൈൻ വെബിനാർ

പ്രൊഡ്യൂസർ കമ്പനികൾ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടി നബാർഡിന്റെ നേതൃത്വത്തിൽ നടത്തിയ ഓൺലൈൻ വെബിനാറിലും ചർച്ചയിലും COD ഡയറക്ടർ ഫാ. ബിജോ അബ്രഹാം, KLM ഡയറക്ടർ ഫാ. ജെയ്സൺ കാരക്കുന്നേൽ പ്രോഗ്രാം കോർഡിനേറ്റർ ജോയി കെ. സി. എന്നിവർ പങ്കെടുത്തു.

### കാരിത്താസ് ഓൺലൈൻ വെബിനാർ

കാരിത്താസ്ഇന്ത്യയുടെ നേതൃത്വത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളെ സംബന്ധിച്ചു നടത്തിയ ഓൺലൈൻ വെബിനാറിലും പരിശീലന പരിപാടിയിലും COD ഡയറക്ടർ ഫാ. ബിജോ അബ്രഹാം, DRR കോർഡിനേറ്റർ ഐശ്വര്യ തോമസ ്എന്നിവർ പങ്കെടുത്തു.

## ആശാകിരണം സ്തനാർബുദ അവബോധ വെബിനാർ

സ്തനാർബുദ അവബോധ മാസാചരണത്തിന്റെ തുടർപരിപാടികളായി കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ 'ഗിവ്ഹോപ്പ്..സേവ് ലൈഫ്സ്' എന്ന പ്രമേയത്തെ ആസ്പദമാക്കി നടത്തിയ ഓൺലൈൻ വെബിനാറിൽ COD ഡയറക്ടർ ഫാ. ബിജോ അബ്രഹാം, ആശാകിരണം കോർഡിനേറ്റർ, രൂപതയിൽ വിവിധ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ക്യാൻസർ കെയർ പ്രവർത്തനങ്ങൾ നടത്തുന്ന 5 ആശാകിരണം വോളണ്ടിയേഴ്സ് എന്നിവർ പങ്കെടുത്തു.

**ഫാ. ജോർജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി



# അജപാലനക്കുറിപ്പുകൾ

നവംബർ 2020

01 രാവിലെ, വലിയകൊല്ലി ഇടവകയിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് കുടുംബകൂട്ടായ്മ ഭാരവാഹികൾ, സൺഡേസ്കൂൾ കുട്ടികൾ, മാതൃവേദി, കെ.സി.വൈ.എം., മതാദ്ധ്യാപകർ തുടങ്ങിയവരുടെ മീറ്റിംഗിൽ സംബന്ധിച്ചു.

കല്ലുരുട്ടി ഇടവകയിൽ പരേതനായ ശ്രീ. ചാക്കോ റാണിക്കാട്ടിന്റെ മൃതസംസ്കാരശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

02 രാവിലെ, കൂരാച്ചുണ്ട് ഇടവകയിൽ ബഹു. ബെന്നി മുണ്ടനാട്ടച്ചന്റെ പിതാവ് പരേതനായ പുന്നൂസ് മുണ്ടനാട്ടിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

ചീനിക്കപ്പാറ ഇടവകയിൽ പരേതയായ ഏലിക്കുട്ടി കുഴിത്തൊട്ടിയിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

04-05 കുളത്തുവയൽ എം.എസ്.എം.ഐ. ജനറലേറ്റിൽ സന്യാസാർത്ഥികൾക്കായി ക്ലാസ്സുകൾ എടുത്തു.

06 രാവിലെ, അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

ഓൺലൈനായി നടത്തുന്ന പ്രീ-കാനാകോഴ്സിൽ പങ്കെടുക്കുന്നവർക്കായി ക്ലാസ്സെടുത്തു.

ബഹു. ജോസ് പെണ്ണാപറമ്പിൽ അച്ചൻ രചിച്ച 'സത്യത്തിലേക്ക്' എന്ന പുസ്തകം പ്രകാശനം ചെയ്തു.

07 രാവിലെ, കോഴിക്കോട് ദീപികയുടെ പുതിയ ഓഫീസിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. ഓഫീസ് ഉദ്ഘാടനം അഭിവന്ദ്യ വർഗീസ് ചക്കാലയ്ക്കൽ പിതാവ് നടത്തി.

പാറോപ്പടി ഗദ്സെമേനി ധ്യാനകേന്ദ്ര കപ്പേളയിൽ എം.എസ്.എം.ഐ. സന്യാസിനി സമൂഹത്തിലെ അഞ്ച് അർത്ഥിനികളുടെ പ്രഥമവ്രതവാഗ്ദാന ചടങ്ങിന് കാർമ്മികത്വം വഹിച്ചു.

10 രൂപതാഭവനിൽ, മിസോറാം ഗവർണ്ണർ ബഹു. ഡോ. പി.എസ്. ശ്രീധരൻപിള്ളയെ സ്വീകരിച്ചു.

12 ഉച്ചകഴിഞ്ഞ്, ചെമ്പനോട ഇടവകയിൽ ബഹു. ഡാന്റീസ് കിഴക്കരക്കാട്ട് അച്ചന്റെ സഹോദരൻ പരേതനായ ഷിജോ കിഴക്കരക്കാടിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

13 ഉച്ചകഴിഞ്ഞ്, കുപ്പായക്കോട് ഇടവകയിൽ പരേതനായ സതീഷ്

ഇലവുകുടിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

14 രാവിലെ, താമരശ്ശേരി കത്തീഡൽ ഇടവകയിൽ കപ്പുച്ചിൻ സന്യാസസമൂഹാംഗം ഡീക്കൻ മാനുവൽ ആനിക്കുടിയിലിന് പൗരോഹത്യപട്ടം നൽകി.

15 വൈകുന്നേരം, രൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ഓൺലൈനായി നടത്തുന്ന 'ഇടയനോടൊപ്പം' എന്ന പരിപാടിയിൽ കുറ്റിപ്പുറം ഇടവക സമൂഹത്തോടൊപ്പം പങ്കെടുത്തു.

ഓൺലൈനായി വൈ.എം.സി.എ. നാഷണൽ ടീം സംഘടിപ്പിച്ച പ്രാർത്ഥനാ കൂട്ടായ്മയിൽ ആത്മീയ പ്രഭാഷണം നടത്തി.

19 രാവിലെ, പുല്ലാഞ്ഞിമേട് യോശുഭവനിൽ ക്രിസ്തുരാജന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

20 രാവിലെ, താമരശ്ശേരി എസ്.എ.ബി.എസ് പ്രൊവിൻഷ്യൽ ഭവനത്തിൽ വി. കുർബാനയർപ്പിച്ചു.

രൂപതാഭവനിൽ, ബഹു. കുര്യൻ തലച്ചിറക്കുഴി അച്ചന്റെ നേതൃത്വത്തിൽ നടക്കുന്ന ഡീപ്പ് പ്രോഗ്രാമിലുള്ള കുട്ടികൾക്കായി ലാപ്ടോപ് വിതരണം നടത്തി.

വേനപ്പാറ യു.പി. സ്കൂളിന്റെ പുതിയ യൂട്യൂബ് ചാനൽ ഉദ്ഘാടനം ചെയ്തു.

21 രാവിലെ, ചേവായൂർ പ്രസന്റേഷൻ പ്രൊവിഷ്യൽ ഭവനത്തിൽ പരി. കന്യാകമറിയത്തിന്റെ ദൈവാലയ സമർപ്പണത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

ഈസ്റ്റ്ഹിൽ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി. ഏതാനും കുട്ടികൾ സ്ഥൈര്യലേപനം സ്വീകരിക്കുകയും ചെയ്തു.

22 രാവിലെ, കൂരോട്ടുപാറ ഇടവകയിൽ വി. കുർബാനയർപ്പിച്ചു. രൂപതയുടെ അൽഫോൻസ ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചു നൽകിയ ഒരു ഭവനം വെഞ്ചരിക്കുകയും ചെയ്തു.

പുല്ലാഞ്ഞിമേട് യേശുഭവനൽ പരേതയായ സി. ജസ്റ്റിൻ എം.എസ്.ജെ.യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

23 രാവിലെ, താമരശ്ശേരി എം.എസ്.ടി. മൈനർ സെമിനാരിയിൽ എം.എസ്.ടി. സന്യാസസമൂഹസ്ഥാപകനായ മാർ സെബാസ്റ്റ്യൻ വയലിലിന്റെ ഓർമ്മതിരുനാളിനോടുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

വൈകുന്നേരം, ഫിലിപ്പ്നേരി സന്ന്യാസിനിസമൂഹത്തിന്റെ ഭവനത്തിൽ സമൂഹസ്ഥാപന കമ്മറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

24 രാവിലെ, രൂപതാഭവനിൽ രൂപതയുടെ ആലോചനാ സമിതിയുടെ മീറ്റിംഗിൽ

സംബന്ധിച്ചു.

25 രാവിലെ, മുക്കത്ത് 'കേരോർജ' വിതരണകേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

ഓൺലൈനായി നടത്തിയ ഐ.എഫ്.എ.ഇ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം ഓൺലൈനായി പബ്ലിക് അഫയേഴ്സ് കമ്മീറ്റി സംഘടിപ്പിച്ച മീറ്റിംഗിൽ പങ്കെടുത്തു.

26 രാവിലെ, മാനന്തവാടി രൂപതയിലെ കേണിച്ചിറ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം, രൂപതാഭവനിൽ ഭവനാംഗങ്ങളോടൊപ്പം മാസധ്യാനത്തിൽ സംബനധിച്ചു.

27 രാവിലെ, മാസധ്യാനത്തോടനുബന്ധിച്ച് ഭവനാംഗങ്ങളോടൊപ്പം വി. കുർബാനയർപ്പിച്ചു

വൈകുന്നേരം ഓൺലൈനായി പബ്ലിക് അഫയേഴ്സ് കമ്മീറ്റി സംഘടിപ്പിച്ച മീറ്റിംഗിൽ പങ്കെടുത്തു.

28 രാവിലെ, ദേവഗിരി ഇടവകയിൽ പരേതനായ അലൻ സിബി പേരാത്തറയുടെ മരണവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, മുന്നോക്ക വിഭാഗങ്ങളിലെ സംവരണത്തെ പറ്റി (EWS) ചർച്ച ചെയ്യാൻ രൂപത കെ.സി.വൈ.എം. വിളിച്ചുചേർത്ത യോഗം ഉദ്ഘാടനം ചെയ്തു.

29 രാവിലെ, മാവൂർ ഇടവകയിൽ ക്രിസ്തുരാജന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.


30 രാവിലെ, തലയാട് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ-രജത ജൂബിലികൾ ആഘോഷിക്കുന്ന വൈദികരുടെ ബഹുമാനാർത്ഥം സംഘടിപ്പിച്ച ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

വൈകുന്നരം, രൂപതയിൽ നിന്നും യൂറോപ്പിൽ ജോലി ചെയ്യുകയും പഠിക്കുകയും ചെയ്യുന്ന വൈദികരുടെ വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.

# ജൂബിലി ആഘോഷങ്ങളിൽ നിന്ന്




Have a Blessed Christmas
&
A Prosperous New Year



Pope Francis

# 'God Loves Us All, Even the Worst of Us'



"There is darkness in human hearts, yet the light of Christ is greater still. There is darkness in personal, family and social relationships, but the light of Christ is greater. There is darkness in economic, geopolitical and ecological conflicts, yet greater still is the light of Christ," Pope said.

"It is divine love, the love that changes lives, renews history, liberates from evil, fills hearts with with peace and joy. Tonight the love of God has been revealed to us: it is Jesus.

"Christmas reminds us that God continues to love us all, even the worst of us. His love is unconditional; it does not depend on you. You may have mistaken ideas, you may have made a complete mess of things, but the Lord continues to love you. His love does not change. It is not fickle; it is faithful. It is patient. This is the gift we find at Christmas," the pope said.

"Often we live our lives with such little gratitude...Let us receive the gift that is Jesus, in order then to become gift like Jesus...once we stop trying to change others but try to change ourselves and to make of our life a gift," Pope added.